നളചരിതം

ഓട്ടൻതുള്ളൽ.

ഹരിഃ ശ്രീ ഗണപതയെ നമഃ
അവിഘ്നമസ്തു.

പുരരിപുവാകിയഭഗവാൻതന്നുടെ തിരുമുടിതന്നിൽവസിക്കുംപാവ തിരുമുടിജ്ജടയിൽസുരവാഹിനിയുടെ തിരുമുഖവുംകുളുർകൊങ്കകളായ പരിചൊടുകണ്ടുസഹിക്കരുതാഞ്ഞു പുരഹരനോടഥചോദ്യംചെയ്തു; തിരുമുടിജ്ജടയുടെനടുവിൽവിളങ്ങി പരിചൊടുകാണുന്നെന്തൊരുവസ്തു? ഹരനരുൾചെയ്തിതുനമ്മുടെജ്ജടയിൽ പെരുകിനവെള്ളംവേർപെട്ടകില്ല കുരളകഹരിക്കരുതെന്നൊടുനാഥ! സരസംമുഖമിഹകാണാകുന്നു മുഖമല്ലതഹോ ജലമതിലുളവാം വികസസരോജമതെന്നുവരേണം; വികസസരോജേകുറുനിരനികരം പരിചൊടുകാണ്മാനെന്തവകാശം? കുറുനിരയല്ലതുമധുപാനത്തിന്നു വരിവണ്ടുകൾവന്നിണകൂടുന്നു പുരികക്കൊടിമുനയുഗളമിദാനീം പരിചൊടുകാണ്മാനെന്തവകാശം പുരികക്കൊടിയല്ലവിരളമിളകും ചെറുനിരയത്രേ അചലതനൂജേ! സസമതാകി ലോചനയുഗളം പരിചൊടുകാണ്മാനെന്തവകാശം ഗിരിവരതനയേ! ലോചനമല്ലതു കരിമീനിണകളിയാടുകയത്രേ! കരികുംഭാകൃതികുളുർമുലയുഗളം പരിചൊടുകാണ്മാനെന്തവകാശം? കുളുർമുലയല്ലതു കോകദ്വന്ദ്വം നളിനസമീപേ വിളയാടുന്നു; കളിവചനംവ കാര്യമിതംവാ കരളിലെനിക്കുവിവാദമിദാനീം ഇങ്ങിനെകപടഗിരംഗിരിസുത തന്നുടെമാനസവഞ്ചനചെയ്തും ഗംഗാധരനാംകിളുളിക്കുറിസ്സിയ മന്നമഹേശൻകാത്തരുളേണം:—

ഉലകുടപെരുമാൾമന്ത്രികളോടും കലിയുടെകൂട്ടവിചാരിക്കുമ്പോൾ വേലിയൊരുവ്യഥൻതൊഴുതുരചെയ്തു കലിയുടെശക്തികുറയ്ക്കുമുപായം നളചരിതാമൃതമുരചെയ്താലും തെളിവൊടുകേട്ടുരസിച്ചെന്നാലും പൊളിയല്ലന്നുടെകലിമലദോഷം ജളനെന്നാകിലുമാശുനശിക്കും കലിയുഗശക്തിമുഴുത്തുജനാനാം തലയിൽകേറിമനസ്സുമുട്ടി പാപികൾപകിടകൾ പൊരുവതിനായി ഗോപികൾകൊണ്ടുവരച്ചുതുടങ്ങും കഷ്ടം! സാളഗ്രാമസ്ഥനേ കുട്ടിച്ചാത്തനമന്നു ഞ്ഞും വിളവുകളൊന്നുകുറഞ്ഞുതുടങ്ങും കളവുകളൊന്നുമുഴുത്തുതുടങ്ങും വലയുംചാരമിടിഞ്ഞുതുടങ്ങും മലയും കാടുമുരത്തുതുടങ്ങും നിലയുംവിട്ടമനുഷ്യരശേഷം വലയുംകലിയുഗമേറെമുഴുത്താൽ കളമൊഴിമാരുടെതലയുംമുലയും വളയുംതളയുംകളിയുംചിരിയും വളയുംപുരികക്കൊടിയുംകാന്ദിഹ വലയുംവലയതിൽമാനുഷരെല്ലാം യജമാനെന്നൊരുചെകതിപിടിപ്പാൻ പ്രജകൾക്കൊക്കെമന

സ്തുതികളും യജനംചെയ്യുന്നഗത്തുപുലത്തും ദ്വിജവരവൃത്തികൾചെയ്യു ന്നോരും രാജസമീപേചെന്നൊരുകൂട്ടം ഏഷണിപറയുന്നാളുകളേറും ഭോജനമാത്രംകിട്ടുന്നവനൊരു രാജാവെന്നുനടിച്ചുതുടങ്ങും ദൂഷണമുള്ളൊരുനൃപനെക്കണ്ടാൽ ഭാഷിപ്പാനഞ്ഞാത്തുതുടങ്ങും ഭൂഷണമണിവാൻവകയില്ലാഞ്ഞാൽ മോഷണമൊരുവകചെയ്തുതുടങ്ങും വല്ലഭിമാരുടെവീട്ടുപുലത്താൻ ഇല്ലംപണയംവച്ചുതുടങ്ങും നെല്ലുംപണവുംപൊന്നുംപാത്രവു മില്ലെന്നാമിനിദിവസേദിവസേ ചൊല്ലുംപലവിധമപരാധംപലർ കൊല്ലുംപശുവിനെമടികൂടാതെ തെല്ലുംനല്ലൊരുസാധുജനത്തെ തെല്ലുംഭയവുംമാനുഷനില്ല; പുല്ലുംപുഴവുംഭൂമിയിലിങ്ങത്തു മെല്ലെനങ്ങുനടന്നുതുടങ്ങും ചൊല്ലുന്നതിനേക്കേട്ടുനടപ്പാൻ വല്ലഭമുള്ളവരില്ലെന്നായി; മൂത്തുതുടങ്ങും കപടതയിനിമേലേത്തുതുടങ്ങുംശൂദ്രാദികളും ഓത്തുതുടങ്ങുംവിപ്രന്മാരത്തു പേർത്തുതുടങ്ങുംമറ്റുള്ളവരും ചേർത്തുതുടങ്ങുംവീണസസംസതി കൂത്തുതുടങ്ങുംമോഹാദികളും ചേർത്തുതുടങ്ങുംദ്രവ്യത്തിൽകൊതി പാർത്തുതുടങ്ങും വരവുംചിലവും പാർത്തുതുടങ്ങും നല്ലംപാനവും ആർത്തുതുടങ്ങുംപലരുംകൂടി പ്പാർത്തുതുടങ്ങുംകത്തിക്കവരാൻ ചീർത്തുതുടങ്ങുംദുഷ്ടവികെട്ടി തീർത്തുതുടങ്ങുംദുഷ്ടജനങ്ങൾ.

അർത്ഥിവളർന്നുംപൂർത്തിതളർന്നും കീർത്തികുറഞ്ഞുംപൂത്തമെരിഞ്ഞും വൃത്തിപെരുത്തുംകത്തിയെടുത്തും തൃഷ്ണയെത്തുവിളർത്തുകയർത്തും കൂത്തുവരുന്നൊരുജാതികളിനിമേൽ വ്യാധിപിടിച്ചുകിടക്കംചിലരുടെ നാഡിപിടിച്ചുനടക്കംപലരും സാധിക്കരുതാതുള്ളതിമോഹം ബാധിക്കംചിലമർത്ത്യജനാനാം; അപമൃത്യുക്കളുമപതാളങ്ങളു മപമാനങ്ങളുമുണ്ടായ്വരുമേ വിശ്വജനത്തിനുമീശ്വരനെന്നൊരു വിശ്വാസത്തിനുകുറവുതുടങ്ങും കുടിലന്മാരുംജടിലന്മാരും കുരുടന്മാരുംമുരടന്മാരും കുരയന്മാരുംകുന്നന്മാരും പലവിധമുണ്ടായ്വരുമിനിമേലിൽ; ഈശ്വരകോപമറിഞ്ഞാല്പിന്നെ വാശ്ശുതുമെന്നൊരുപേക്ഷതുടങ്ങും വരവുംതരവുംജനവുംധനവും മനുജരിൽവച്ചതിനീചന്മാരാം മനുജപുഴുക്കൾകേറിച്ചമയും മതിയുംകൊതിയും മതികപടങ്ങളു മതിയായിട്ടുബുധന്മാർക്കുളവാം ഗതിയില്ലാത്തജനങ്ങളിലൊരുകൃപ മതിമാന്മാർക്കിനിവരികില്ലരചാ! അമ്പലമെന്നുമറന്നതിനുള്ളിൽ തമ്പലമിട്ടിനിമടികൂടാതെ ചെമ്പുപൊളിച്ചുഫലിവിറ്റുതുടങ്ങും അമ്പലമുടയവർപുകയിലതിന്മാൻ; ലന്തപറങ്കിയുമിങ്കിരിയേസും ബന്ധുവതാമിനിയരചന്മാർക്കും ഗ്രന്ഥികളൊന്നുകുറഞ്ഞുതുടങ്ങും ഗ്രന്ഥമെഴുത്തുംനാസ്തിയതാമെ! ശാസ്ത്രികളെന്നൊരുഭാവത്തോടെ ശാസ്ത്രമെടുക്കംപകൽകഴിവോളം രാത്രിയടുത്താലവരെപ്പിന്നെ ക്ഷേത്രംതന്നിലൊരേടംകാണാം ഇത്രയനിഷ്ടഫലപ്രദകലിബല മത്ര്യജനങ്ങളുണർത്തിച്ചീടാം; ഉലകുടയെരുമാളൊന്നറിയേണം കലിയുടെദോഷംതീരണമെങ്കിൽ വലിയൊരുകഥയിതുനളനുടെ ചരിതം കഥിതകുതൂഹലമുരചെയ്തീടാം, ഫലിതംകുറയുമതെങ്കിലുമോർത്താൽ കലിമലഹരമെന്നൊരുഗുണമധികം പലരുമിനിക്ക സഹായിച്ചീടിൽ പലദിക്കേലാട്ടച്ചുരുക്കിപ്പറയാം:—"കരുണാലയരുചിവ

മന്നുദാരൻ തരുണാരുണഗണ്ണഗുരുതരസാരൻ തരുണാംബുജദളനയനൻ
സുരവര തരുണാസമധനവിതരണശീലൻ കരുണാമലജലവരുണാവാസ
ൻ ഹരിണാന്തകബലഹരിണാവാസൻ ഹരിണാങ്കാങ്കകചരിണീശോഭിത
ഭരണായാംഭുവിഹരിണാസദൃശൻ ചരണാംബുജയുഗശരണാഗതജന ശ
രണായിതനവകരുണാധരണൻ മരണംഭവഭയഹരണാദികരൻ കരുണാ
കരഗുരുകരുണാശരണൻ ധരണീപതികുലധരണീയാരുടെ ധരണിധരി
ച്ചൊരുധരണീപാലൻ ധരണീവിലസിതതരുണീമനസാ ഹരണീകൃതത
നുധരണീമദനൻ; അളകാമ്പതിസമാഘനതരവിഭവൻ അളകാഞ്ചിത
സ്ഫുടനിടിലകലാപൻ നളകൂബരനെക്കാളതിസുഭഗൻ നളനെന്നൊരു
നൃപനുളവായ്വന്നു; നളിനകുലാരികൃപാലങ്കരണൻ കളമധുരാകൃതിനിഷ
ധനരേന്ദ്രൻ കളകളതരധനദാംബരഭൂഷണ ലളിതകളേബരനതിസുകുമാ
രൻ കളിയോടുനിഷധപുരേപുരമോദാൽ കളിരുചിതേടിവളന്നുകാലം
കളമൊഴിമാരുടെകരളിൽപരിചൊടു കമലശരാത്തിവളന്നുതുടങ്ങി; തെ
ളുതെളെവിലസിനപരിമതിരുചിയാൽ വെളുവെളെവിളയാടീടിനഗാ
ത്രേ തളവളമകുടമണിഞ്ഞനരേന്ദ്രൻ കളികളുമാടിനടക്കുന്നേരം; നളിന
സരസ്സിനരികേനല്ലൊരു പുളിനംതന്നിൽചെല്ലുന്നേരം നളിനംതന്നിലു
റങ്ങീടുന്നൊരു കളഹംസത്തെക്കണ്ടാനരചൻ; പങ്കമകന്നൊരുതങ്കംപൊ
ന്നിനൊടങ്കംപൊരുതുമൊരംഗപ്രഭയും കുങ്കുമനിറമാംചിറകുംകൊക്കുംപ
ങ്കജരുചിരം ചരണദ്വയവുംകണ്ടതുനേരം നൃപനുകുതൂഹലമുണ്ടായ്വന്നു മ
നതാരിങ്കൽകൊണ്ടാടിത്തൻ കരകമലത്തെക്കൊണ്ടുപിടിച്ചുമുറുക്കിക്കൊ
ണ്ടാൻ” അരചൻ ചെന്നിഹതൊട്ടതുനേരം അരയന്നംതാൻഝടിതിരിയുന്ന
ന്നു “അരുതരുതെന്നെക്കൊല്ലരുതേ”ന്നും തെരുതെരെയങ്ങുപറഞ്ഞുതുട
ങ്ങി; “അപരാധത്തെച്ചെയ്യാത്തവനെ കൃപകൂടാതെവധിച്ചെന്നാകിൽനൃ
പതേ!നിന്നുടെനാടുംധനവും സപദിനശിക്കുമതോർത്തീടേണം. പക്ഷി
കളെക്കൊലചെയ്തൊരുമാംസം ഭക്ഷിപ്പാനൊരുരുചിയുണ്ടെങ്കിൽ ഇക്ഷി
തിയിൽപലകുക്കുടമുണ്ടതു ഭക്ഷിച്ചാലുംമതിവരുവോളം മാനത്തങ്ങുപറന്നു
നടക്കും ഞാനെന്തൊരുപിഴചെയ്തതുനിങ്കൽ? മാനുഷകുലവരമകുടമണേ!
നീ ഹാനിനമുക്കുവരുത്തീടൊല്ല എല്ലുംതോലുംചിറകുംകൊക്കുമിതെല്ലാം
നീക്കിനുറുക്കികണ്ടാൽ തെല്ലുഭുജിപ്പാനുണ്ടെന്നുംവരു മില്ലെന്നുംവരുമെ
ന്നുടെമാംസം; എന്നുടെമാതാവിനുവയസ്സൊരു മുന്നൂററുപതിലിപ്പുറമല്ല
എന്നുവരുമ്പോളവളുടെദുഃഖമ തെന്നുശമിക്കുംനിഷധനരേന്ദ്ര! നിന്നുടെ
കയ്യാൽമരണംവരുമിന്നി എന്നുശിരസ്സിൽനമുക്കുണ്ടെങ്കിൽ എന്നുമൊരു
ത്തനുമാവതുമില്ലതു വന്നുഭവിച്ചാൽഖേദവുമില്ല; എന്നുടെപിടയുംതനയ
ന്മാരും നമ്മുടെകുലവുംബന്ധുജനങ്ങളും അമ്മയുമച്ഛനുമനുജന്മാരും ക
ഷ്മബലാലിത്തുകാലമൊട്ടുണ്ടും, അന്നത്തരുണികൾപണിയുംനമ്മുടെ കന്ന
ൽകുളുർമൊഴികാന്തയുമിപ്പോൾ എന്നുടെവരവുംനോക്കിപ്പരിചിനൊടുന്ന
തളിക്കിലിരുന്നീടുന്നു; അയ്യോ!നരവര!സാഹസമിങ്ങിനെ ചെയ്യരുതേദു
രിതംവരുമെന്നാൽ പൊയ്യല്ലൊരുപൊഴുതരിതിതുപരിഭവ മിയ്യൽകണ

ക്കെന്നട ജന്മമൊരെങ്കൽ കൊന്നാൽപാപം തീൎന്നാൽപോമുദ നെന്നൊരുവസ്തുതാംമൂഢതയുമുണ്ട നിന്നുടെകാളിലതഴകല്ലേതും മന്നിൽമികച്ചൊരുബുധനല്ലനീ?" അവനുടെവാക്കുകളിങ്ങനെകേട്ടഥ കുവലയനയനൻനളനരപാലൻ ശിവശിവയെന്നുടനരയന്നത്തെ ജവമൊടുവിട്ടുരചെയ്തപതുക്കെ "കനകമയാകൃതിയാകിയനിന്നെ കനിവൊടുകണ്ടതുകൊണ്ടകതാരിൽ ഘനതരമായൊരുകൌതുകമുളവായ് മനസാവാചാസത്യംതന്നെ; ക്ഷോണിതലങ്ങളിലിങ്ങിനെ ഒരുവകകാണുന്നില്ലിതുകൊണ്ടുഭവാനെ പാണിതലത്തിലെടുപ്പാൻബന്ധം പ്രാണവധത്തിന്നുഭാവിച്ചില്ല" മന്നവനിങ്ങിനെയുരചെയ്തപ്പോൾ അന്നം ധരണിയിൽനിന്നെഴുന്നീറ്റു; ഒന്നുകുടഞ്ഞുശരീരമശേഷം തന്നുടെചിറകുംവിരിയിരുന്നു ചിറകിനകത്തുകടിച്ചുകിടക്കും ചെറുപേൻകൊത്തുകകൾഈച്ചകൾപുഴുവും തിരവിയകൊക്കുകൾകൊണ്ടുകടിച്ചുതു കൊറുകൊറെയങ്ങുകൊറിച്ചുതുടങ്ങി; ഒരുകാൽകൊണ്ടുശിരസ്സിൽപരിചൊടു ചൊറിഞ്ഞിത്തത്തിനടന്നുതുടങ്ങി നരവരനാകിയനളനുടെമുമ്പിൽ തരസാനിന്നുപറഞ്ഞുതുടങ്ങി.

"ശ്രീമാൻ! നൈഷധഭൂപതേ! തവയശോഗായന്തിദേവാംഗനാഃ
ഹേമാംഭോജരജോവിരാജിതഗൈരാകാശഗംഗാതടേ
യാവത്താവദസാവമന്ദവിലസന്മന്ദാക്ഷമന്ദാകൃതാ
മന്ദാരദ്രുമവാടികാഹിഭവതഃകാരുണ്യവാരാന്നിധേ!"

"പാൎത്ഥിവ! നിന്നുടെവാക്കുകൾകേട്ടു കൃതാൎത്ഥതയിങ്ങുവരുത്തീടേണം അത്ര ജനത്തിനുമരിമാംവണ്ണം അൎത്ഥമെടുത്തുകൊടുക്കണെനിന്നുടെ കീൎത്തിവളൎന്നുവളൎന്നുപതുക്കെ പാൎത്തലമൊക്കെനിറഞ്ഞുസഭാന്തേ പാൎത്തിരിയാതെവളൎന്നുസുരോത്തമ തീൎത്ഥമതാകിനഗംഗാപുളിനേ വാൎത്തകളീവകകീൎത്തനമാക്കി തീൎത്തുതുടങ്ങീസുരനാരികളും പാൎത്തലവാസികൾ മറ്റുള്ളവരുടെ കീൎത്തികളെല്ലാംനേൎത്തുചമഞ്ഞു ധൂൎത്തല്ലതുപൊഴുതമരതരുക്കൾ കാൎത്തിപിടിച്ചുതുടങ്ങിപതുക്കെ ചീൎത്തൊരുനാണംകൊണ്ടുശിരസ്സുകൾ താഴ്ത്തിക്ഖേമപി പാൎത്തീടുന്നു; പൂൎത്തിപെരുത്തൊരുചാരുദയാമലമൂൎത്തേ! ജയജയ! നളനരപാല! രാജസ്തുതിയുടെപൊരുളീവണ്ണം യോജിപ്പിച്ചുപറഞ്ഞൊരയന്നം രാജമനസ്സുകുളുൎപ്പാൻപുനരിഹ വ്യാജവിഹീനംപുനരരുൾചെയ്തു.

നിഷധകുലകമലവനദിനകര! ധരാപതേ! നീതിശാസ്ത്രാംബുധേകേൾക്കമേവാക്കുകൾ വിഭവമൊടു വിലസിനവിദൎഭമണ്ഡലേ വീരനാംഭൂമിപാലൻതന്റെപുത്രിയായ് സുമുഖിദമയന്തിയെന്നുണ്ടൊരുകന്യകാസുന്ദരികളിന്നവളെവന്ദിക്കുമാറകവേനിറമുടയതലമുടിയുണ്ടുനീണ്ടങ്ങിനെനീലമേഘങ്ങൾക്കുതോല്വിനൽകുന്നിതേ കുനുകുനെയുമൊരുകുറിയുമൊരുനെടിയഭംഗിയും കൂത്താടുമോമനച്ചില്ലിവില്ലാട്ടവുംകമലദളവിമലചലലോചനദ്വന്ദ്വവും കമാസ്ത്രതുല്യകടാക്ഷവീക്ഷണങ്ങളും തിലകുസുമസമസുഷമനാസികാശോഭയും തിങ്കളോടൊക്കുംകപോലസ്ഥലങ്ങളും മധുമധുരമൃദുലതരമധരസൌഭാഗ്യവും മാലതീമൊട്ടിനോടൊത്തദന്തങ്ങളും വലയകുലകലിതക

ലിതകരയുഗളകേളിയും വാഴ്ത്തിസ്തുതിപ്പാൻനമുക്കെളുതല്ലെടോ? കൊടിനേ
ട്ടുമതിവികടകടിതടവിലാസവും കോമളാഡംബരംകാഞ്ചികലാപവും
കദളിയൊടുമൃദുതയൊടുകടന്നമിടക്കൂട്ടുന്നകാതുരണ്ടുംവിഭോ കണ്ടാൽമനോ
ഹരംശശിയൊടെതിർപൊരുതുവിരുതേറുന്നവക്ത്രവും ശംഖിനോടൊക്കു
ന്നകണ്ഠപ്രദേശവും മലകളൊടുപലപൊഴുതുകലഹരുചിതേടുന്ന മാറ്റത്തു
തിങ്ങുംകുചങ്ങടെഭംഗിയും കിളികളൊടുകളിവചനമിളിയുമൊരുവാണി
യും കീർത്തിപ്പതിന്നുഞാൻസമർത്ഥനല്ലെടോ.

പലവടിവുംവന്നുചമഞ്ഞു തലമുടിയുംവന്നരികഞ്ഞു മുലയിണയും
മാറുകവിഞ്ഞു മലർശരനുംമെല്ലെയണഞ്ഞു ശിശുതകഴിഞ്ഞു വശതവ
ഴിഞ്ഞു മറവുമൊഴിഞ്ഞു മനമതഴിഞ്ഞു; കിളിമൊഴിതാനൊന്നുപകർന്നു
കളിപുതുമയ്യാശവളർന്നു കളിവചനപ്രൌഢിമുതിർന്നു നളനൃപതേ!കാ
മമുയന്നു മിഴികൾവിടിന്നു വടിവിയലുമന്നു അഴകുകലന്നു കഴലിണചേർന്നു
പ്രിയസഖിമാരൊടുമിണങ്ങി പ്രിയതമനെച്ചിന്തതുടങ്ങി പ്രിയമധുരം വാ
ക്കിനിണങ്ങി പ്രിയഹിതമെന്നോർത്തുവണങ്ങി; കഥകൾതുടങ്ങി കപടമട
ങ്ങി കളികൾതുടങ്ങി കമനിവിളങ്ങി പലചരിതംകേട്ടുരസിച്ചും പലകൌ
തുകംവന്നനുഭവിച്ചും പലപദവുംകേട്ടുരസിച്ചും പലഗുണവുംചേർന്നുവസി
ച്ചും മദനനുഴിച്ചുമദമെതിളച്ചുമനസിസിച്ചുഅവിടെമറച്ചു.

ദമനനുടെസോദരിയാകിയകന്യക ദമയന്തിക്കുവിവാഹമടുത്തു കമല
വിലോചനയാളെനിനച്ചാൽ ഭുവയിവതിന്നൊരുപുരുഷരുമില്ല മലർശ
രപരവശരായ്പുനരീടിന പലപലനൃപതികളവളെലഭിപ്പാൻ പലതരമങ്ങു
പ്രയത്നംചെയ്യ ഫലമതുപിന്നെക്കണ്ടേലറിയാം; ഒരുവൻകൊണ്ടുതിരിക്കും
മുമ്പേ തരസാചെന്നുവശത്താക്കേണം; തരുണിമണിക്കിഹതരമായിട്ടൊ
രു പുരുഷൻധരണിയിലില്ലചുരുക്കം മന്നിൽപലപലമന്നവരുണ്ടതിലൊ
ന്നുമവൾക്കിഹസമ്മതമല്ല; നിന്നൊടുകൂടിരമിപ്പാനൊരുഗതി വന്നുഭവി
ക്കിലിതവളുടെഭാഗ്യം.” ഇത്തരമുരചെയ്തരയന്നത്തൊടു ഉത്തരമതുളിനള
നരപാലൻ “ഉത്തമനാകിയകളഹംസസഖേ! ചിത്തസുഖംമമനിന്നുടെ
വാർത്താ കനകസമാനകളേബരനാംനീ കനിവൊടതിങ്കലിറങ്ങീടേണം
പനിമതിമുഖിയെനമുക്കുലഭിപ്പാൻ മനമതഴിഞ്ഞിഹചണിചെയ്താലും;
നിന്നുടെകൃപയുണ്ടെങ്കിൽവരുമ്പോൾ ഒന്നുമിനിക്കുവരാത്തതുമില്ലാ എന്നു
ടെവാർത്തക ളിന്നവളോടുചെന്നുപറഞ്ഞുധരിപ്പിക്കേണം.” നടനുമനസ്സു
തെളിഞ്ഞരയന്നം മന്നവനോടുരചെയ്തുതുടങ്ങി “നിന്നുടെവചനംകേട്ടുന
ടപ്പാ നെന്നുമിനിക്കൊരുസംശയമില്ല. അറിയാംനാലുദിനത്തിലത
പ്പുറ മറിപുള്ളരചി!ചൊല്ലിയല്ലേതും; കുറുനാൾകഴിക്കെകാണാമെന്നൊരു
കുറിയുംവച്ചുതിരിച്ചിതുഹംസം കുണ്ഡിനനഗരംനോക്കിപ്പുരിചിനൊട
ണ്ഡജനാശുപറന്നുതുടങ്ങി അണ്ഡജഗമനം കണ്ടാലൊരുശശി മണ്ഡല
മെന്നിഹതോന്നുംഗഗനെ.

ചരിച്ചുഗഗനത്തിൽതിരിച്ചുകളഹംസം സ്മരിച്ചുനളനെയുംധരി
ച്ചുഹൃദയത്തിൽ; കടന്നുപലദിക്കുംനടന്നുവിരവോടേ എട്ടങ്ങൾനഗരങ്ങ

ർമരങ്ങൾകിടങ്ങുകൾ പടങ്ങൾവിപിനങ്ങൾതടങ്ങൾതടാകങ്ങൾ തുട
ങ്ങിപ്പലവസ്തുകടന്നുപറക്കുമ്പോൾ.

നാടുകൾകണ്ടു വീടുകൾകണ്ടു കൂടുകൾകണ്ടു കോട്ടകൾകണ്ടു ചാട്ടു
കൾകണ്ടു പോട്ടുകൾകണ്ടു ചോട്ടുകൾകണ്ടു വീടുകൾകണ്ടു വീടുകളിൽ
ചിലനായന്മാരുടെ മൂഢതകൊണ്ടൊരുഘോഷംകണ്ടു; അച്ചികളോടുകല
ഹിച്ചിലകല മെച്ചി വിചി തകർക്കിനകണ്ടു; കച്ചകൾപുടവകൾഒരുവൻ
ചെന്നു വലിച്ചുകരിച്ചുതിരിച്ചതുകണ്ടു ഇല്ലംകൊണ്ടൊന്നവളെത്തല്ലി പ
ല്ലുതകർത്തൊരുപങ്ങച്ചാരുടെ തള്ളകയർത്തൊരുലക്കയെടുത്തു ചെല്ലയ്യോ
നുചിമുക്കിനകണ്ടു; മറ്റൊരിടത്തൊരുഘോഷംകണ്ടു തെറ്റെന്നവിടെ
ച്ചെന്നരയന്നം മുറ്റത്തുള്ളൊരുതെങ്ങിൻമുകളിൽ പററിച്ചെവിയുംപാർത്തു
വസിച്ചു; നായർവിശന്നുവലഞ്ഞുവരുമ്പോൾ കായക്കഞ്ഞിക്കരിസ്സിട്ടി
ല്ല; ദയതുകേട്ടുകലമ്പിച്ചന്നങ്ങായുധമുടനെകാട്ടിലെറിഞ്ഞു ചുട്ടതിള
യ്ക്കുംവെള്ളമശേഷം കുട്ടികൾതന്നുടെതലയിലൊഴിച്ചു കെട്ടിയപെണ്ണി
നെമടികൂടാതെ കിട്ടിയവടികൊണ്ടന്നുകിടച്ചു ഉരുളികൾകിണ്ടികളൊ
ക്കെയുടച്ചു ഉരലുവലിച്ചുകിണററിൽമറിച്ചു ചിരവയെടുത്തഥതീയ്യിലെറി
ച്ചു അരകല്ലങ്ങുകുളത്തിലെറിഞ്ഞു അതുകൊണ്ടരിശംതീരാഞ്ഞവനപ്പുര
യുടെചുററുംമണ്ടിനടന്നു; അരയന്നംപുനരതുകണ്ടുടനേ ഹരഹര! ശിവശി
വയെന്നുപറഞ്ഞു. ഒരുനാഴികവഴിചെല്ലുന്നേര ത്തരികേനല്ലൊരുപെരു
വഴികണ്ടു; അരയാലുകളുംപേരാലുകളും അരമനതെരുവുകളങ്ങാടികളും മര
വുംനല്ലനടക്കാവുകളും പുരയുംപുഴയുംവഴിയമ്പലവും നറുമലർവിലസിന
പൂങ്കാവുകളും തറകളമന്തണമത്താണികളും കിണറുംതളവുംതളവുംകുളവും
തണലുംമണലുംമണിഗോപുരവും അണയുംതോറുംതുളസിതളങ്ങടെ മണ
വുംഗുണവുമിതെത്രമനോജ്ഞം അമ്പലമവിടെക്കണ്ടുതുടങ്ങീ വൻപടഹ
ധ്വനികേട്ടുതുടങ്ങീ കമ്പവിളക്കുകൊളുത്തിവിളങ്ങീ വമ്പുരപലതുംകണ്ടു
തുടങ്ങീ; കൊടിയേററാണ്ടിഹവിഷ്ണുക്ഷേത്രേ കൊടിമരമുയരെക്കാണാകു
ന്നു അടിയന്മാർപലരുണ്ടുവരുന്നു കൊടിയമഹോത്സവഘോഷംകാണ്മാൻ
എന്നുമനസ്സിലുറച്ചരയന്നം ചെന്നരയാലിൻമുകളിലിരുന്നു അന്നേരംപലദി
ക്കീന്നുംചിലർ വന്നുതുടങ്ങീനിന്നുതുടങ്ങീ; അരത്തറമേൽചിലർവന്നുക
രേറി പാർത്തുതുടങ്ങീഘോഷംകാണ്മാൻ; അത്തുവിളിച്ചുകളിച്ചുപുളച്ചി
ഹ പാർത്തലവാസികൾവന്നുനിറഞ്ഞു.

ഇളകിനനരവരപടയുംചില വെള്ളവെള്ളെവിലസിനകുടയുംപല
കളമൊഴിമാരുടെനടയുംചെറു കിളികളമവരുടെപിടയുംചില കരികളുമ
വരുടെപിടിയുംപല പരിമളമിളകിനമുടിയുംചില കലഹവുമുടനടനടി
യുംചിലപൂരികളിലനവധികോടിയുംപല പലദിശിപൊട്ടുപൊടെവെടി
യുംനറുമലരതിലതിമൃദുപൊടിയുംപുന രൊരുവകതടവടിപിടയും.

കൊട്ടുംകുഴൽവിളിയുമൊട്ടുംകുറവില്ലയാ ഞ്ഞിട്ടുമനുജർചെവിപൊ
ട്ടുംപരിചിനോടേ തട്ടുംമുകളിൽചിലകൊതികിട്ടുംപ്രയോഗംകണ്ടി ട്ടൊ
ട്ടുംവിരുതുചിലരിട്ടുംവഴക്കുകില്ലാ; പട്ടുംപുടവമലർമൊട്ടുംതരിവളയു മിട്ടും

കൊണ്ടൊരുകൂട്ടംവട്ടംകലരുമാറു വട്ടംകുടതഴയുംവട്ടംപടവെടികൾ ചട്ടംചാമരങ്ങൾ വട്ടംതെളിഞ്ഞൊരിയും വെട്ടങ്ങളുടെനല്ലവട്ടങ്ങളൊരുദിശി പട്ടന്മാരുടെമേളക്കൂട്ടങ്ങളോരോദിശി; ബാലത്തരുണികളുടെനീലത്തലമുടിയും ചേലൊത്തമുലകളുംഫാലതിലകങ്ങളും ചേലത്തരങ്ങളുമട്ടത്താലോലമിഴികളും ആലാപവടിവുകളുംമേളകൊണ്ടൊരുകൂട്ടം ബാലപ്പുരുഷർചെന്നു നാലുവശത്തുംനിന്നു ആലോകിച്ചോരോ കേളിജാലങ്ങളോരോദിശി; അനക്കഴുത്തിൽഭഗവാനെഎഴുന്നള്ളിച്ചു നാനാപടഹങ്ങളുംസേനാപടജ്ജനവും ആനന്ദംവരുത്തുന്നഗാനങ്ങളോരോദിശി.

ഇങ്ങിനെപലവിധമുത്സവഘോഷം തിങ്ങിനമോദാൽകണ്ടരയന്നംഅംഗനമാരുംപുരുഷന്മാരും അങ്ങൊരുദിക്കിൽ വരുന്നതുകണ്ടാൻ നെടുതായുള്ളമന്നപ്പാടൻമുണ്ടടികവിയോളംഞൊറിയിട്ടൊരു വടിയുംകയ്യിലെടുത്തുവരുന്നൊരു തടിയൻപുറകെ ഒരുത്തിയുമുണ്ട് ചെണ്ടക്കാരൊട്ടുകല്പനപറകയുമുണ്ടൊരുദിക്കിൽകേൾക്കാകുന്നു; "മാരാന്മാരൊന്നറിയേണം നാരായണനുടെകൊടിയേറുന്നാൾ നേരായുള്ളൊരുപാണി പിഴച്ചാൽ തീരാത്തുള്ളൊരുകുററംവരുമേ ശണ്ഠിപ്പുരിഷകൾപലരുംകൂടി ശണ്ഠതുടങ്ങിമുടങ്ങിപ്പോയാൽ ചെണ്ടക്കാരേ!നിങ്ങടെകൈവിരൽ കണ്ടിച്ചെറിവാൻകല്പനവരുമേ! റിമിചയെടുത്തുനടപ്പാൻനമ്മുടെ കൊമരിക്കിനിഹരശരിയില്ലാരുംകുഴലുവിളിച്ചുഫലിപ്പിക്കുന്നതു കിഴവച്ചാരതുമതിയാക്കേണം നമ്പർവേണംകൊമ്പുവിളിപ്പാൻ വമ്പനതിന്നൊരുമുൻപൻ തന്നെ കാളമെടുത്തുവിളിക്കണമെന്നാൽ കേളനെവച്ചിട്ടൊരുവനുമില്ല മേളംകൂട്ടംപിലങ്ങവനല്ലം താളംതെററുമതുണ്ടൊരുദോഷം; ചേങ്ങലകൊണ്ടൊരുവട്ടംനില്പാൻ ചങ്ങാതിക്കൊരുവാസനയില്ല; സകലജനങ്ങടെ നടുവിൽചെന്നഥ തകിലുതകൃത്തുതുടങ്ങുന്നേരം ലോകലെല്ലാമവർതങ്ങടെചെവിയിൽ തുകിലുംതുററുവിറച്ചുതുടങ്ങും; പുതുവാളെന്നൊരുവിദ്വാനുണ്ട് പുതുതായുള്ളവിധങ്ങളെടുപ്പാൻ പുതുവന്മാരുടെഅളായതിനാൽ പുതുവാളെന്നാനപേരവനുളവായ്; അതിമായിട്ടവനിവിടെവരേണ്ടാ മതിയാമവനുടെവിരുതുകളല്ലാം; കൊച്ചൻനിന്നിഹശംഖുവിളിച്ചാൽ അതിനുംപിന്നെവിരോധംവേണ്ട പാട്ടിനുചേരുമിടയ്ക്കക്കാരെ കൂട്ടിക്കൊള്ളണമവരേവേണ്ടു ഉട്ടിനുവന്നുകിടക്കുന്നവരുടെ കൂട്ടക്കാരെചാർത്തുകയില്ല, മദ്ദളമെന്നതുമൂന്നോന്നാലോ തപ്പുംവേണമതെട്ടോപത്തോ അപ്പുറമുള്ളതുതിരിയെനടക്കാം; തുടിയുംപറയുമുടുക്കുംവേണം തടിയനതിങ്കൽമിടുക്കുംവേണം ചെണ്ടക്കാരനടക്കംവേണം കൊട്ടിനുനല്ലൊരുടുക്കുംവേണം ഇങ്ങിനെപലവിധമുത്സവഘോഷം ഭംഗിയൊടവിടെക്കണ്ടരയന്നം തിങ്ങിനകുതുകമുയന്നുപറന്നു അത്ഭുതിച്ചുപുനരതിവേഗം.

വിദഗ്ദ്ധനാകിയനളന്റെദൂതൻ വിദർഭനേർപുരമട്ടുത്തുകണ്ടു; മദിച്ചുദന്തികൾനിറഞ്ഞുകണ്ടു; കുതിച്ചുചാട്ടംകുതിരകൾകണ്ടു; മണിപ്പുരങ്ങളുമുയന്നുകണ്ടു മണിഗൃഹങ്ങളുമണഞ്ഞുകണ്ടു തണുത്തചന്ദനമരങ്ങൾ

കണ്ടു മൺതത്തമേറിനവനങ്ങൾകണ്ടു; സ്ഥലങ്ങളുംതരുഷണ്ഡങ്ങളും ശൈലങ്ങളുംമണിനിലങ്ങളും വിലങ്ങളുംപലകലങ്ങളും ധനങ്ങളുംമുനിജനങ്ങളും മൃഗങ്ങളും ചിലനഗങ്ങളും ശുകങ്ങളും ചിലപികങ്ങളും അറങ്ങളുംപലനിറങ്ങളും പടങ്ങളും മണിപീഠങ്ങളും അഖണ്ഡിതായുധമുഖങ്ങളും പറന്നുചെന്നുടനനേകവസ്തു നിറഞ്ഞകുണ്ഡിനവിഭൂതികണ്ടു; ദമന്റെസോദരിസഖിമാരോടും കമലസരസ്സിന്നരികേനല്ലൊരു രമണീയാംകണമണിശിലമുകളിൽ കമനികളിച്ചുവസിക്കുന്നേരം കളഹംസം ചെന്നവളുടെമുമ്പിൽ കളമധുരാകൃതിമെല്ലെയിറങ്ങി; കളമൊഴിയൊടുകളിച്ചുവസിച്ചഥ കിളിയെപ്പോലെപറഞ്ഞുതുടങ്ങി.

പദം എരിക്കിലകാമോദരി.

"കല്യാണശീലേ!ബാലേ!നല്ലാരിൽമൌലിമാലേ! ചൊല്ലേറുംഭീമനന്ദനേ! മല്ലീശരാസനവില്ലിനെവെല്ലിന ചില്ലീനിസ്തുല്യാകൃതേ!ശൃണു നല്ലവിശേഷംധന്യേ!നൃപതിവരകന്യേ! നളനെന്നൊരു സുന്ദരനുണ്ടുഭൂതലേ മന്നരിലവനൊടുസദൃശനാരുമൊരു മന്നവനില്ലസുശീലേ! (കല്യാണി) ഈരേഴുലോകങ്ങളിലീരാജാവിനെപ്പോലെ വീരനായാരുമില്ലെടോ നാരികളവന്റെഗുണഗണരസംകേട്ടു പാരമെയ്യങ്ങിട്ടുണ്ടു വില്ലാളിവീരനാകുന്നല്ലോരുനളന്റെസല്ലാപപരകമോഹം പല്ലവമൃദുതരമധരമധുരതയും അധരിതവിധുരിതവിധുവാംമുഖവും (ക) മട്ടോലുംമിഴിയാളേഞാനേററവും ചിന്തിക്കുന്നു മാനിയാംനൈഷധേശ്വരൻ മാനിനി!നിന്നുടയവരനായിവരികിലുരുതരസുകൃതമവനുംനിനക്കും പന്തൊലുംമുലമാക്കുസന്താപംവളക്കുന്ന കാന്തികൾചൊല്ലാവല്ലെടോ സന്തതംപരിമളമിളകിനതലമുടി ബന്ധനമതിഘനബന്ധുരമല്ലോ (ക) കാമനുരതിപോലൊമാനുസീതപോലെ സോമനുരോഹിണിപോലെ കോമളവദനനാംനളനരപാലനു ഭീമസുതേനീപ്രിയയായ്വരേണം" (ക)

"കളഹംസംഞാനംബരചാരി നളനുടെദൂതനതോർത്തിടേണം;" കളമൊഴിനിന്നുടെചരിതംകേട്ടിഥ ചൊളിയല്ലരചൻപരവശനായി; കാമശരാർത്തിപിടിച്ചുദഹിച്ചൊരു കോമളതനുവാം നളനരപാലൻ, താമരയിലകൾവിരിച്ചുശയിച്ചഥ ഭൂമിയിലനിശമുരുണ്ടീടുന്നു; മട്ടുമലർപരിമളമേൽക്കുന്നേരം കിടുകിടെമേനിവിറച്ചീടുന്നു; ഉടലിൽചന്ദനമണിയുന്നേരം ചുട്ടകനലെന്നവനോർത്തീടുന്നു; ശശിയുടെകാന്തികളാന്തിവരുമ്പോൾ വിശറിയെടുത്തഥവീശീടുന്നു; അത്ഭുതനിധിയാം സുന്ദരനൃപനെ ശശിവദനേനീയോർത്തീടേണം; അയ്യോകഷ്ടമവസ്ഥയിതൊന്നും നീയറിയാത്തതിനെന്തിഹബന്ധം? അവനുടെരൂപഗുണങ്ങൾനിനച്ചാൽ ശിവശിവഎന്നതുമാത്രംപറയാം; ഭുവനംമൂന്നിലുമൊത്തുവരുമ്പോൾ അവനൊടുസമമിന്നവനേയുള്ളു; അനല്ലാതൊരുമലർശരനിപ്പോൾ നാണംകെട്ടൊരുകോണിലൊളിക്കും ഏണാംകൻപുനരംബുദപടലേ നൂണുനടപ്പതുകാണുന്നീലേ? നളനുടെമുഖവുംചന്ദ്രനുമൊത്താൽ വളരെവിശേഷംകാണ്മാനുണ്ടു് അളിനിറമായകളങ്കംകൊണ്ടൊരു വെ

ളിവൊരുനേരവുമിന്ദുവിന്നില്ല; ഒളിമിന്നീടുമൊരധരപ്രഭയാൽ നളനുടെ വദനമിതെത്രമനോജ്ഞം"

"ചഞ്ചൽപുരികുഴൽതന്നും നളനുടെ കൊഞ്ചൽപുതുമയൊടഞ്ചിതമാകിന പുഞ്ചിരികണ്ടുടനഞ്ചിമയങ്ങിന ചഞ്ചലമിഴികടെനെഞ്ചിൽ പരിചൊടു പഞ്ചായുധനുടെചഞ്ചൽകണകള തഞ്ചുംകൊണ്ടുടനഞ്ചും വിഷരസ സഞ്ചിതപാവകവഞ്ചനയാലെരി യാഞ്ചിതയുംചിലർ വാഞ്ചിക്കുന്നു; ഏററംപടകളിലൂററതയുള്ളൊരു മാററാർപടയുംമററങ്ങവരുടെ കൂററാർപടയുംമുററുംനളനുടെ ചുററുംനിന്നുടനേററുപിണങ്ങും മാററികളെല്ലാംതോററുശരങ്ങളു മേററുമറിഞ്ഞററംഭയമോടും കാററത്തിളകിനപാററകൾപോലെ തെററന്നടവികൾപാറീടുന്നു; എട്ടുദിഗന്തരവട്ടംപൊരുതും ദുഷ്ടരിപുക്കടെകോട്ടകളെല്ലാം തട്ടിനിരത്തിക്കെട്ടുകൾപലതും മുട്ടിമുറിച്ചുടനിട്ടാലയവും ചുട്ടുജ്വലക്കഴനാട്ടിക്കാടുകൾ വെട്ടിമുറിച്ചുംനാട്ടിൽവിളങ്ങിന പുഷ്ടികളവരുടെവെട്ടിയടക്കി ച്ചുട്ടുംകെട്ടിനശിപ്പൂനളനുടെ ചട്ടംകണ്ടവർക്കൂട്ടത്തോടേ കെട്ടുംകെട്ടികെട്ടിയപെണ്ണും കുട്ടികളുംചിലചട്ടികളുംചില പെട്ടികളുംചിലപൊട്ടിയകലവും ചട്ടുകവുംചിലവട്ടികളുംചില കൊട്ടകളെന്നിവകെട്ടിപ്പേറി കാട്ടിൽപലപലകോട്ടിൽനടന്നും പട്ടികൾപോലെപട്ടിണിയിട്ടും കഷ്ടനഷ്ടപ്പെട്ടീടുന്നു; അത്രപരാക്രമമുള്ളൊരുനളനാം ധാത്രീപതികുലമകുടശിരോമണി തത്രമനോഭവബന്ധംകൊണ്ടതി മാത്രംപരവശനായി സരസിജപത്രേവീണുമയങ്ങീടുന്നു ഗാത്രംപോയിമെലിഞ്ഞീടുന്നു മാത്രംഭക്ഷണമെന്നതുമില്ല; അത്രപകർന്നുനിഷധനരേന്ദ്രൻ ധാത്രിയിലായീശയനവുമിപ്പോൾ രാത്രിയിലില്ലുറക്കവുമില്ല നേത്രജലങ്ങൾപൊഴിഞ്ഞുവഴിഞ്ഞതു ഗാത്രംമുഴുവൻമുഴുകീടുന്നു; നളിനാസനനുടെവാഹനമാകിന കളഹംസംഞാനംബുജനയനേ! പൊളിവചനങ്ങൾപറഞ്ഞിട്ടില്ലേ കളമൊഴിയാളെകരുതുകിതെല്ലാം."

പരിചൊടയന്നംപറഞ്ഞമൊഴിയെല്ലാം തരസാദമയന്തിധരിച്ചു ഹൃദയത്തിൽ നളിനമുഖനാകുംനളനെന്നിരൂപിച്ചു വളൎന്നകാമരസംതളൎന്നശരീരവും ഗളിച്ചകണ്ണുനീററിൽകുളിച്ചുവഴിപോലെ മുളച്ചകുതൂഹലംഇളച്ചുകളിയെല്ലാം വിറച്ചുമുലരണ്ടുംതറച്ചുമലർശരം ഉറച്ചുപരിതാപമണച്ചുക്ഷണനേരം കയർത്തുമലരമ്പൻവിയർത്തുമുഖമപ്പോൾ നിറഞ്ഞലജ്ജയോടേപറഞ്ഞുതുടങ്ങിനാൾ;

"കനകപയോരുഹമധുപാനംചെയ്തനവധിസുഖമൊടുസുരലോകങ്ങളിൽ അനവരതംമരുവീടുംനിന്നുടെ കനിവുനിനച്ചുഹമുരചെയ്യുന്നേൻ; മനസിജസുന്ദരനാകിയനളനെ മനസികരേറിവസിച്ചീടുന്നു മനുജശിരോമണിമാണിക്കംമമ മനസിജതാപവുമുളവാക്കുന്നു; നളനല്ലാതൊരുപുരുഷനിലെന്മന മിളകുന്നീലതുബോധിച്ചാലും! നളനുടെഗളമതിൽമാലയിടുന്നതി നെളുതായൊരുവഴിനിരൂപിച്ചാലും ജനകനിതിങ്കലിറങ്ങീലെങ്കിലു മിനിമറെറാരുവനിനിക്കിഹവേണ്ടാ; കനകംകോരി

ച്ചേരിയുന്നവനെയു മനുരാഗംമമമനമതിലില്ലാ എന്നുടെപ്രാണനുമവനുടെപ്രാണനു മിന്നുതുടങ്ങിയതൊന്നായ്വന്നു സുന്ദരനാകിയനളനെക്കാണ്മാനെന്നുനമുക്കിഹ സംഗതിയുള്ളു? അന്നപ്പുരിഷയിൽമികവുള്ളവനേ നിന്നെയൊഴിഞ്ഞൊരുഗതിയില്ലിഹമേ! എന്നുടെവാർത്തകളൊന്നൊഴിയാതെ മന്നവർമണിയോടറിയിച്ചാലും എന്നെക്കാൾഗുണമേറുംതരുണികൾ മന്നിൽപലവിധമുണ്ടെന്നാലും എന്നെവെടിഞ്ഞീടരുതെന്നരചനൊടിന്നുഭവാൻചെന്നുരചെയ്യേണം ശരണംനീമമനളനെവരുത്തിത്തരണം വിരവൊടുമടികൂടാതെ: മരണമെനിക്കുവരുത്തുംമുൻപേ വരണംനരപതി വരണംചെയ്വാൻ; കരുമന പെരുകി കാമക്കള്ളന്നു കരളിലൊരല്പംകരുണയുമില്ല നരപതിവിരവിൽവരവില്ലെങ്കിൽ മരണമനംഗനിനിക്കുവരുത്തും.

“കളഹംസകാരുണ്യരാശേ! ലളിതാകൃതേകളങ്കമെല്ലാമൊഴിക്കനീ നളങ്കലെന്നെക്കൊടുക്കനീ വിളംബിതത്തെക്കുറയ്ക്കനീ തെളിഞ്ഞുനമ്മെത്തുണയ്ക്കനീ (കളഹംസ) മനക്കുരുന്നുവെന്തുരുകീടുന്നു നളനെത്തന്നെ നിനയ്ക്കകമൂലം മാൽപെരുകീടുന്നുപിരിഞ്ഞിരിപ്പാൻ ഇനിക്കുധൈര്യം പാരംനേർത്തീടുന്നുമനസിമമ (കള) നിനച്ചതെല്ലാംവരുത്തുവാൻ നിനക്കുപായംപെരുക്കയാൽ തനിച്ചുനിന്നോടിരന്നുഞാ നിനിച്ചിതംനീവരുത്തുക (കളഹംസ!) അടുത്തുവന്നുനിന്നുകാമദേവൻ കുസുമബാണംതൊടുത്തുകൊണ്ടാനെന്നുതോന്നുന്നു അതിനെയിന്നുതടുത്തുനിർത്താ നാളല്ലഞാൻപരമബന്ധോ! (കളഹംസ) പട്ടമേറുംനരേന്ദ്രനോടടുത്തിവണ്ണംപറഞ്ഞുനീ അടുത്തനാളേയ്ക്കകംപരം കടുത്തതാപംകുറയ്ക്കനീ (കളഹംസ) നീറാത്തകാന്തികോലുംകാന്തൻതന്റെരൂപസൌന്ദര്യംപറഞ്ഞുകേട്ടനേരം തന്നെഞാൻകണ്ടതുപോലെ അറിഞ്ഞിതെല്ലാമിന്നുരാജഹംസമേ! (കളഹംസ) അവന്റെചിത്തമറിഞ്ഞുപോവാ തറിഞ്ഞവണ്ണംതുണയ്ക്കനീ പറഞ്ഞവാക്കിലൊരോടവും കുറഞ്ഞുപോകാതുരയ്ക്കനീ കളഹംസ!കാരുണ്യരാശേ ലളിതാകൃതേ!”

ഭീമാത്മജയുടെവചനംകേട്ടതി ധീമാനാമരയന്നംചൊന്നാൻ; “ഭൂമീപതിവരനായനളങ്കൽ പ്രേമമുറച്ചോ?ശശധരവദനേ! നിങ്കലുറപ്പുണ്ടെന്നതുവന്നാൽ സങ്കടമഖിലമൊഴിക്കുന്നേൻഞാൻ പങ്കജനയനേ നളനരപാലനു നിങ്കൽകനിവിനുകുറവില്ലേതും സ്ത്രീപുരുഷന്മാർക്കന്യോന്യംഭാവി രൂപഗുണങ്ങൾതികഞ്ഞുവരുമ്പോൾ സന്ധിപറഞ്ഞിഹചേർച്ചവരുത്തും ബന്ധുക്കൾക്കൊരുക്ലേശവുമില്ല; നീററിലിരിക്കും വള്ളങ്ങൾക്കൊരു കാററുകണക്കേചെടിപ്പിച്ചെന്നാകിൽ തണ്ടുവലിക്കുന്നാളുകളെല്ലാം മിണ്ടാതവിടെയിരുന്നാൽപോരും അമരക്കാരൻതലതെററാതെ കിമപിസഹായംചെയ്താൽകൊള്ളാം; ദമയന്തിനളയുഗളംചേർപ്പാൻ ശ്രമമില്ലേതുമെനിക്കുവിശേഷാൽ ചുട്ടുപഴുപ്പിച്ചീടിനകനകംകൂട്ടി വിളക്കാമെന്നുവരുമ്പോൾ തട്ടാനരികിലിരുന്നതുതമ്മിൽക്കൂട്ടുക മാത്രംചെയ്താൽപോരും; എന്നതുപോലെഞാനുമിതിങ്കൽ സുന്ദരവദനേപേണി

ചെയ്യുന്നോൻ; ഇങ്ങിനെ നിന്നുടെ ഹൃദയമറിഞ്ഞാൽ ചഞ്ചാതിക്കിനിയി ല്ലൊരു വികൃതി" ഇത്തരമുരചെയ്തരയനന്തരം താൻ സത്വരമങ്ങുപറന്നുതിരിച്ചു ഉത്തമനാകിയ നളനുടെ മുമ്പിൽ എത്തി കഥകൾ പറഞ്ഞറിയിച്ചു; ചൊല്ലേണ്ടീടിന ഭീമനരാധിപ നക്കാലം നിജകന്യകതന്നുടെ യോഗ്യമതായ സ്വയംബരഘോഷം ഭാഗ്യഗുണോത്തമനാരംഭിച്ചു; പത്തുമൊരെട്ടും ദീപുകളുള്ളൊരു ധാത്രിക്കോണുകൾ വാണവസിക്കും ധാത്രീപതികൾക്കെല്ലാം വിരവൊടു പത്രികയെഴുതിയയച്ചുതുടങ്ങി; നാരായണനുടെ ഭക്തരിൽ മുഖ്യാം നാരദമുനിയും പർവ്വതമുനിയും പാരിടമഖിലം പുനരതുകാലം പോരുതിരഞ്ഞു നടക്കും സമയെ, കടലിടതടവിന ധരണിയിലെങ്ങും പടയുടെ നാമം കേൾപ്പാനില്ല ഉടനേ മുനിവരരിരുവരുമങ്ങിനെ നെടുവീർപ്പിട്ടു തിരിച്ചുനടന്നു ഇരുവരു തമ്മിൽ കലഹിക്കാഞ്ഞാൽ ഒരു രസമെന്നതു നാരദനില്ല; ഒരുവിധമേഷണി കൂട്ടുവതിന്നൊരു പെരുവഴി നോക്കി നടക്കുന്നേരം സരസിജമുഖി ദമയന്തി നിമിത്തം പരവശരാമിനൃമന്നവരെല്ലാം തരമിതു കൊള്ളാമിവിടെ വരുത്തി സുരപതിയെക്കൊണ്ടൊന്നറിയാം പല പലനൃപതികൾ തമ്മിൽ പെരുകിന കലശലുമിവിടെ വരുത്തീടാം ഞാൻ ഫലമിനിയവരുടെ ചരിതമിതെല്ലാം വലരിപുതന്നോടറിയിക്കേണം എന്നു മനസ്സിൽ കരുതി മുനിമാർ ചെന്നു സുരേശ്വരനഗരം പുക്കു ഇന്ദ്രനിരുന്നരുളുന്നൊരു സഭയിൽ നന്ദികലർന്നെഴുന്നള്ളി മുനിമാർ ഝടിതി സുരോത്തമനെഴുന്നേറ്റവരുടെ അടിമലർ തൊഴുതു വണക്കത്തോടെ അടിമലർ പൊടി നിജമുടിമേൽ വഹിച്ചു പടുതരപൂജകളുടനേ ചെയ്തു; കനകാസനമതിലവരെയിരുത്തി കനിവൊടു വിശറിയെടുത്തു ഫലവിശി മുനിയുടെ വചസാതാനമിരുന്നു മനസ്സിതെളിഞ്ഞു പറഞ്ഞു മഹേന്ദ്രൻ; "നിങ്ങളെ ഇവിടെ കാണ്മാനധുനാ സംഗതി വരുമെന്നോർത്തില്ലേതും ഞങ്ങടെ സുകൃതം കൊണ്ടിനിമേലിൽ മംഗളമനവധി വരുമിഹ നൂനം കണ്ണുകളായിരമുള്ളതുമിപ്പോൾ നിർണ്ണയമഖിലം സഫലമതായി പൂർണ്ണാനന്ദം മനസ്സി ഭവിച്ചു കണ്ണാനന്ദം പറകയുമല്ല; അന്തകരിപുപദഭക്തമനോജ്ഞാ നന്ദതകൊണ്ടൊന്നു ചെയ്യുന്നേൻ നിന്തിരുവടിയോടു ചോദിച്ചെന്നാൽ അന്തമില്ലിതു ബോധിച്ചീടും; മന്നിലിരിക്കും മന്നവരിപ്പോൾ എന്നുടെ നഗരേ വരുമാറില്ല; മുന്നം പുവതും ഭൂമിയിൽ നിന്നിഹ വന്നു സുഖിച്ചു വസിപ്പാറുണ്ടു; പെരുവഴി പോക്കന്നു ഭവനമതായി പെരുകിന സാധനസമ്പത്തുകളാൽ ഒരു ഫലമില്ല നമുക്കിതു കാലം ഒരുവരുമില്ലതുകൊണ്ടു സുഖിപ്പാൻ അന്നംവെള്ളമെരസമ്പാദിച്ചുതന്നർത്ഥത്തിന്നൊരു പെരുവഴിയായി അരഥികളൊരുവനമിങ്ങു വരാഞ്ഞാൽ വ്യർത്ഥമിതെന്തിന്നു രക്ഷിക്കുന്നു? ദാനവരിപുതൻ തൃക്കാലാണെ ദാനം ചെയ്യാൻ മടിയില്ലടിയന്നു മോഹിക്കാഗ്രഹമുണ്ടായാൽ ചിലർ ദാനം ചെയ്യുമിതിനിക്കതുമില്ല; ചുങ്കമെടുത്തും പിഴചെയ്യിച്ചും ശങ്കവെടിഞ്ഞു ഗൃഹങ്ങൾ കവർന്നും വങ്കന്മേൽ മറവുന്നജനത്തിനു സങ്കടമന്നന്നുളവാക്കിച്ചും കമ്പോളത്തിലിരിക്കുന്നവരെ ട്ട വൻപു പറഞ്ഞു പിടിച്ചു പറിച്ചും ഖമ്പെഴുതിച്ചും വിരൽ മുക്കിച്ചും മുമ്പിൽ വരുത്തിപ്പണമൊപ്പിച്ചും കയ്യാ

ണത്തിന്റ കൺമുനയിട്ടും കയ്യാൽ പരത്തിയതല്ലവയൊന്നും കല്പകവൃക്ഷം തന്നിൽവിളഞ്ഞൊരു നല്ലധനങ്ങൾ മുനീന്ദ്രന്മാരേ! യജമാനന്നുപിശു ക്കണ്ടാമാൽ പ്രജകൾ പൊറുപ്പാനെളുതല്ലേതും; സജ്ജനങ്ങൾക്കുകൊടു ത്തതുകൊണ്ടും സുജനങ്ങൾക്കതിഹമതിയാകില്ല; കൂറുള്ളവരെ വിളിച്ചുവ രുത്തി ചോറുകൊടുത്തു പുലർത്തീടുകയും വേറുതിരിക്കയുമന്യജനത്തോടു മറീടുകയും ചിലവിടന്മാ രോടുകടന്നൊരസൂയാദികളും കേട്ടുവരുന്നോ ക്കുഭാവനയും വിദ്യപഠിച്ചതുവിറവുള്ളജ്ഞിക്കയും ഇട്ടിക്കകളിലൊരേടവു മില്ല, അശ്രിതപാലകനിഹഞ്ഞൊന്നുമിഹ വിശ്രുതവിദ്വാന്മാർക്കും ബോ ധം; കാര്യമശേഷം ബോധിപ്പാനൊരു കാര്യക്കാരനെ ഞാൻ കല്പിക്കും വൈ രമവങ്കലൊരുത്തനുമില്ലാ വൈരികളവനെ ശങ്കിക്കേണം ശേഷം പ്രജക ളിലൊരുവനവനൊട്ടു ദൂഷണമുള്ളതു പറവുകയില്ലാ; ഏഷണികൊണ്ടു ദിനങ്ങൾകഴിക്കും ദോഷജനങ്ങളുമില്ലിഹനാട്ടിൽ; ഈതൊതുള്ളവിധ ങ്ങളിലൊന്നും സുരലോകങ്ങളിലില്ലമുനീന്ദ്ര! എന്നായിട്ടുസുഖിപ്പാനാളു കൾ പോന്നുവരുന്നില്ലെന്തൊരുകഷ്ടം? പടയുടെനടുവിലണഞ്ഞു പിണ ങ്ങി കടകംതാതിരമെന്നിവപലതര മുടവുകൾകൊണ്ടുതടുത്തും വെട്ടിഝ ടിതി കട്ടുത്തുമുറിക്കുന്നേരം തനികൾമുറിഞ്ഞും പൊടികളണിഞ്ഞവ തട ന്നേദേവകളായിവരുമ്പോൾ മടവാർമണികളുമിന്നിഹതൊഞ്ഞൊ നിട ണംമാലകഴുത്തിലിതെന്നോ ത്തുടലുകൾതമ്മിലിടഞ്ഞുതടഞ്ഞും തടമുല യിണപുനരൊന്നുകളുന്നും പൊട്ടുപൊടെമാലകൾപൊട്ടിയുതിർന്നും മുടി കളഴിഞ്ഞുകിഴിഞ്ഞുമുതിർന്നും പരിചൊടുവീണുമെഴുന്നൊരുപുരുഷരെ വി രവിൽചെന്നുവരിച്ചുവരുന്നൊരു വടിവുകളമ്പൊടുകണ്ടുരസിപ്പാ നടിയ നുകണ്ണുകളിനിയുമൊരായിരമിട്ടുകൂട്ടുകിലമതിയാവുള്ളൂ! സമരമതിങ്ക ൽമരിച്ചനരന്മാ രമരന്മാരുമുടനേതന്നെ അമരവധുക്കൾക്കവരെവരി പ്പാൻ അമിതമൊരാഗ്രഹമുണ്ടുവിശേഷാൽ; പുതുപുരുഷന്മാരോടുരമി പ്പാൻ മതിമുഖിമാർക്കിഹകൗതുകമേറും മുതുപുരുഷന്മാരായസുരന്മാ ര തുകൊണ്ടവരുംദുഃഖിക്കുന്നു, അതുമിച്ചെയ്യത്തുകേൾക്കണമെല്ലാം കരളി ലിനിക്കൊരുവെളിവില്ലേതും; പണ്ടേപ്പോലെഞങ്ങടെലീലകൾ കണ്ടു രസിക്കേണമെന്നില്ലാർക്കും മന്നിൽവസിക്കുംയജമാനന്മാ ർക്കിന്നുപതുക്കെ യുപേക്ഷതുടങ്ങി; എന്നുടെകുറവമിതെങ്കിൽപലരുടെ മുന്നിലുടൻപരമാ ർത്ഥംചെയ്യാം," ഇന്ദ്രവചസ്സുകൾകേട്ടുമുനീന്ദ്രൻ മന്ദസ്മിതമുഖനരുളി ച്ചെയ്തു; "സകലസുധാശനമകുടമണേ! നീ സകലമഹീതലചരിതംകേ ൾക്ക സകലവിദർഭനരേന്ദ്രൻഭീമൻ സുഖമൊടുനഗരേവാഴുംകാലം സ ന്തതിയില്ലാഞ്ഞവനുമുഹുർമ്മുഹു രന്തസ്താപംപെരുതായ്വന്നു; സന്തത മോരോസൽക്രിയയുംചെ യ്തന്തണവരരെവണങ്ങിവസിച്ചു ദമനമുനീ ശവരവചനത്താൽ ദമനനൊരാത്മജനുളവായ്വന്നു കമലശരാസന ജയലക്ഷ്മിയതാം ദമയന്തികുമാരിയുമുളവായ് ഈരേഴുലകിന്നുമവളെ പ്പോലൊരു നാരീമണിയെക്കാണ്മാനില്ലാ; വാരിജഭവനന്നഖിലചരാച ര സാരമെടുത്തുതനവളെത്തീർത്തു; കൂരിരുൾകൊണ്ടവൾപുരികുഴൽതീർത്തു

വരോരുഹംകൊണ്ടകക്ഷികൾതീൎത്തു വാരിജസായകചാപംകൊണ്ടു സരോരു
ഹമിഴിതൻപുരികംതീൎത്തു കാമശരേണകടാക്ഷംതീൎത്തു സോമനെയവ
ളുടെവദനവുമാക്കി; ബിംബഫലംകൊണ്ടധരംതീൎത്തു കംബുവിനാൽഗ
ളതലവുംതീൎത്തു; കനകപയോരുഹമുകുളംകൊണ്ടു നിരുപമകുളുർമുല
യുഗളംതീൎത്തു; അരയാലിലകൊണ്ടുദരംതീൎത്തു നവമാലികയാൽകരവും
തീൎത്തു; പുളിനംകൊണ്ടവൾജഘനംതീൎത്തു നളിനംകൊണ്ടവൾതുടക
ൾചമച്ചു മദനരസേനമനസ്സുചമച്ചു ചെമ്പകമൊട്ടിന്നിരുളൊളികൊ
ണ്ടുട നിമ്പമൊടംഗപ്രഭയുംതീൎത്തു; രംഭതിലോത്തമഎന്നവരെല്ലാം
കുമ്പിട്ടുമവളെക്കാണുന്നേരം ഇന്ദ്രനിന്നുടെവല്ലഭയാകും ഇന്ദ്രാണിക്കുമി
ളപ്പംതട്ടും; കണ്ടജനങ്ങടെകണ്ണുംമനവും വണ്ടാർകുഴലികവൎന്നീടുന്നു
ഏഴുസമുദ്രദ്വീപുകളധുനാ വാഴുംനൃപതികളവിടെവിശേഷം ചാരന്മാ
രുപറഞ്ഞുധരിച്ചു മാരശരാതുരമാനസരായി; ദമയന്തിയുടെവിശേഷ
മതൊന്നേ ദേശാദികളിൽകേൾപ്പാനുള്ളു ഇങ്ങുലഭിക്കണമിങ്ങുലഭിക്ക
ണ മെന്നിഹസൎവ്വജനത്തിനുമാഗ്രഹം എങ്ങുമൊരേടമടങ്ങിയിരിപ്പാ
നംഗജനിപ്പോൾഅവസരമില്ല; വില്ലുവളിച്ചുകുലച്ചുപിടിച്ചവ നെ
ല്ലാദിക്കിലുമോടീടുന്നു അമ്പുകൾപോരാഞ്ഞിരവുംപകലും ചെമ്പക
ബാണനുഴന്നീടുന്നു; ആയോധനകലഹാദികൾതങ്ങളിൽ ആയത്ത
മൊന്നിഹകേൾപ്പാനില്ല അയതമിഴിയെനിനച്ചുനൃപന്മാർ ആയുധ
വിദ്യകളൊക്കെമറന്നു; പടയെന്നുള്ളവിധങ്ങളിതൊന്നും തടിയന്മാ
ൎക്കുംസമ്മതമില്ല; തടിയുടെഭംഗിവരുത്തിത്തന്നെ മുടിപ്പാനുള്ളൊരുചെ
തവഴികൂടി; ചലമിഴിയാൾക്കുമനസ്സിലിണങ്ങും ചതുരമൊരോരോകോപ്പുക
ൾതീൎത്തും എന്തൊരുവസ്തുവിലഭിലാഷംദമ യന്തിക്കുള്ളിതറിവാനാ
യിസ്സന്തതമാരുംബോധിക്കാതെ ബന്ധുജനങ്ങളെയാത്രയുമാക്കി; ഒരുവ
നവൾക്കുതരത്തിനുചേരും തരിവളതീൎപ്പിച്ചങ്ങിനെപാൎത്തു ഗ്രന്ഥികളെ
ബഹുമാനമവൾക്കു അന്തരമില്ലെന്നറിയുന്നേരം ഗ്രന്ഥമഴിച്ചുപഠിച്ചുതുട
ങ്ങും ചിന്തിച്ചർത്ഥമുരച്ചുതുടങ്ങും; സ്വരമുള്ളവനിൽകൌതുകമെന്നാൽ
സരിഗമപധനിസഎന്നുതുടങ്ങും, ആട്ടക്കാരിൽകനിവുണ്ടെന്നുകേട്ടാട്ടവുമങ്ങു
തുടങ്ങുംതാനും, ചതുരംഗപ്പൊരുളുള്ളൊരുപുരുഷൻ ഹിതമെന്നവിടെമന
സ്സുണ്ടെങ്കിൽചതുരംഗത്തിനുവിരുതുണ്ടാവാൻ കെതിയരിരുന്നുപ്രയത്നം
ചെയ്യും; മാലയിലാഗ്രഹമെന്നതുകേട്ടാൽ മാലകൾതീൎത്തുകൊടുക്കുമൊരു
ത്തൻ; നാലുദിഗന്തരവാസികളാംക്ഷിതിപാലന്മാരുടെതൊഴിലീവണ്ണം
സംഗരമെന്നതുഭൂമിയിലെങ്ങും സംഗതിവരുവാനിനിയെളുതല്ല. എട്ടു
ക്കാതലയിൽചുലിവീണാലും പൊഴുകൊടാലിവച്ചെന്നാലും പിഴയുള്ളവ
നെക്കണ്ടെന്നാലുംവഴിയിൽ വിരോധംചെയ്തെന്നാലുംനാടൊരുദിക്കേതക
ൎത്തെന്നാലുംപാടങ്ങടിച്ചുമുടിച്ചെന്നാലും മൂഢന്മാൎക്കൊരിളക്കവുമില്ലകൂടല
രോടുപിണക്കവുമില്ല. പാൎത്തലവാസികളാകിയനൃപരുടെ വാൎത്തകളെ
ല്ലാമങ്ങിനെതന്നെ ധൂൎത്തനതാകിയമദനൻതന്നുടെ കൂൎത്തശരംകൊണ്ടാ
തുരരായി; മതിമുഖമാരിലുമതിപടുവാകിയ മതിമുഖിതന്നുടെമടിയിലി

ഴിപ്പാൻ മതിയാംവണ്ണംപുണ്യംചെയ്യാത്ത മതിമാന്മാരെന്തോതരിക്കിലിദാ
നീം വിശപ്രതിങ്കലെ ദേതേത്തുണ്ടംശേഷാനറിയാമാരൊന്നുള്ളതു വാസ്ത
തുമ ട്ടുതുമെന്തിനിദാനീം വേശ്യകൾവൃത്തിനമുക്കറിയേണ്ടാ യുദ്ധംകൊണ്
ടൻവകയില്ലാഞ്ഞു ബുദ്ധിക്കൊരുതെളിവില്ലിഹയില്ലപ്പോൾ ഉദ്ധതമാകി
ന്നദേവാസുരമാം യുദ്ധമിദാനീമുണ്ടൊയ്പുരമോ? എന്നതുകേട്ടസുരേന്ദ്രൻചൊ
ന്നാൻ "എന്തൊന്നാട്ടു ഹിയപ്പുക്ലേശിക്കേണ്ടാ എന്നുടെയനുജൻകമലാകാ
ന്തൻ തന്നുടെചക്രംസുദർശനചക്രം നിന്നമരാപുരിരാക്ഷിക്കുമ്പോൾ എ
ന്നുംദാനവർവരികയുമില്ല നമ്മുടെവജ്രംനിഷ്ഫലമാക്കി അംബുജലോചന
നെന്നുടെസഹജൻ ബന്ധമതാ ഹിരക ദന്താംമമ മണ്ഡനമാകിന്ന
ഖങ്ങൾക്കദേവാസുരരണമില്ലമുനീന്ദ്ര!കോപലമതുംമമമേ റികേണ്ടാ" ദേ
വാധിപനുടെവചനംകേട്ടദേവമുനീന്ദ്രൻപുനരതൾചെയ്തു "ഇങ്ങുഗ്രഹപ്പി
ഴയുള്ളൊരുകാലം നിങ്ങടെക്കുററമതല്ലസുരേന്ദ്ര! ഞങ്ങളിദാനീം പോകുന്നു
തവ മംഗലമസ്തു! സമീഹിതമസ്തു നാരദപർവതരേവംചൊല്ലിയധീരതയോടു
ഗമിച്ചൊരുശേഷം" സപദിഗീർവാണാധിപനുടനേ ഖിക്ഷതിമാരെവി
ളിച്ചുരചെയ്തു "ഭീമാതമെജയുടെകല്യാണത്തെക്കാണ്മാനഭിരുചിനിങ്ങ
ൾക്കുണ്ടോ? ഭാമിനിയവിടെച്ചെല്ലുന്നേരം കാമിനിമാരെമ്പാടിക്കില്ലല്ലീ?
എന്നതുകേട്ടപ്സരസ്സുകളുമിളകി പിന്നെക്കാലമൊന്നുപോകന്തു തരുണീമ
ണിയാമക്കേട്ടതുനേരം വരുണൻവിതണൻമുമ്പിൽനടന്നു ധനദാരരേഖാവ
തിനാഗ്രഹമുണ്ടു ചെന്നിട്ടേച്ചുമിപ്പാൻമേലാ പാവനരൊരിക്കലുമവ
സരമില്ല ഭുവനതലത്തിൽനടക്കനെമിത്തം ദനുജന്മാരിൽപേടകയില്ല
മനുജന്മാരിതിനിളകിയടങ്ങി ഗിരിമകൾതന്നെറ്റും ഹിച്ചിട്ടു ഗിരിശനുമ
ങ്ങുപുറപ്പെട്ടില്ലാ; ഇന്ദ്രനുമഗ്നിയുമന്തകനപ്പതി നന്ദികലന്നവർനാൽവ
രുമുടനേ കാച്ചുനവധിക്കൊണ്ടുകൾമാടേ മന്ദമിറങ്ങിനടന്നുതുടങ്ങി ഉ
ർവശിമേനകരംഭതിലോത്തമ സർവ്വസുരാംഗനമാരതുനേരം പർവതശാസ
നഗമനംകണ്ടവർ ദുർവചനങ്ങൾപറഞ്ഞുതുടങ്ങി; "സുരപതിപിതൃപതി
ജലപതിവഹ്നിയുമൊരു നരതരുണിയിലാഗ്രഹമോടേ തെരുതെരെയങ്ങു
തിരിച്ചതുകണ്ടാൻവരവിൻ! വരാതിൻ! സുരനാരികളെന്നിന്നവർനാട്ടി
ൽ തരമായിട്ടൊരുപെണ്ണില്ലാഞ്ഞവരങ്ങുഗമിച്ചു തന്നുടെനാട്ടിലെയംഗ
നമാരെ ച്ചെങ്ങാരിക്ഷരംപോരാഞ്ഞിട്ടങ്ങൊരുദിക്കിൽചെന്നൊരുപെ
ണ്ണിനെ ഇങ്ങുവരുത്താമെന്നൊരുമോഹം ഉള്ളു. പിന്നെവിചാരിക്കുമ്പോ
ൾ ഇന്നതുടങ്ങിയശീലവുമല്ലാസുന്ദരിയാകു മഹല്യയിലഭിലാഷിതനഭവി
ച്ചൊരുഗോഷ്ഠികൾകൊണ്ടുട നാനാപിനഞ്ഞുജളുതമിതാത്താൽ ഇന്ന
തിനൊട്ടുംസംശയമില്ല; ശുദ്ധംസുരപാനിന്ദിനെയുള്ളൂ. മററവരെന്തി
നക്കൂടെപ്പോയീ? കററാർക്കുഴലിയതൊന്നേയുള്ളൂ തെററനവളിതിലാരെവ
രിപ്പൂ?" മററവളതുകേട്ടൊന്നുരചെയ്തു; "കററാംവരുമാർ കേട്ടെന്നാകിൽ
ഊററുംമനസിയസൂയമുഴുത്തിട്ടററവരെക്കൊണ്ടിതുപറയുമ്പോൾ" അററം
വിട്ടന്യാമരനാരികൾ തെററന്നങ്ങുപറഞ്ഞുതുടങ്ങി; "നാരദമുനിയുടെ
കപടത്തൊഴിലുകളാരറിയാത്തൂ ദിശപ്രത്തിങ്കൽ? വീരന്മാരതുബോധിച്ചു

ള്ളിൽ നേരെനോക്കുതിരിച്ചുനടന്നു; ധീരതയുള്ളിലവൎക്കില്ലെന്നതുപോ രാതിനതികച്ചുരചെയ്യും കാണാമുടനേനമ്മുടെയാളുകൾ ഏണാപാം ഗിയെ ഭീയാഞ്ഞിട്ടു വീണാധരനെമുഷിയുംചൊല്ലി നാണംകെട്ടതിരി ച്ചുവരുന്നതു;” ഏണവിലോചന ായതിലോത്തമ നാണമിളച്ചുവല്ലര ചെയ്യപ്പെട്ടൾ “നല്ലൊരുതരുണികൾനമ്മുടെനാട്ടിലു മില്ലാഞ്ഞിട്ടവർദ ണ്ഡിക്കുന്നു യജമാനന്മാരെന്തിനുപോയി നിജഭൂതന്മാരില്ലാഞ്ഞിട്ടോ? മാ നക്കേടുവരുത്തിക്കൊൾവാൻ താനേചെന്നേമതിയാവുള്ളൂ മാനവാധി ശന്മാരിൽവിശേഷജ്ഞനമത്തുള്ളവനവളെലഭിക്കും വാനോക്കീശൻമു തലായുള്ളവർ മാനമുപേക്ഷിച്ചിങ്ങുഗമിക്കും;” ഇങ്ങനെയൊരുവിധമമര സ്ത്രീകടെതിങ്ങിനപരിഹാസങ്ങൾഭവിച്ചുഅങ്ങൊരുകാലംഭീമനരേന്ദ്രൻ മംഗലസമയമടുത്തൊരുസമയേ നളനൃപതിക്കടെനൊരുകുറിയെഴുതി തെ ളിവൊടുദൂരനെയാത്രയുമാക്കി നളനഗരത്തിൽചെന്നഥദൂതൻ നളനെ വണങ്ങിക്കുറിയുംനൽകി അറിവുപെരുത്തൊരുമേനവനപ്പോൾ കുറിയി ലെവാചകമങ്ങറിയിച്ചു; ഭീമനരേശനെഴുതിയവട്ടിതു സോമകുലേ ശനറിയണമെന്നാൽ:— “ധനുമാസംപതിനാറാംതീയതി ശനിവാര ത്തെമകരംരാശി നമ്മുടെമകൾദമയന്തിയതാകിയ കന്യകതന്റെവിവാ ഹമുഹൂൎത്തം അതിനുഭവാനുംമന്ത്രികൾനാലും ചതുരംഗിണിയാംസേ നയുമായി നിഷധപതേ!പതിനഞ്ചാംതീയതി ഉഷസികുളിപ്പാനിവി ടെവരേണം ശേഷമവസ്ഥകളെല്ലാംനമ്മുടെ ദൂതൻപറയുമിതേവമെഴുത്തു

വാചകമിങ്ങിനെ കേട്ടുനരേന്ദ്രൻ വാഞ്ഛിതമെളിതംവരുമെന്നായി ദൂതനുപട്ടുംവളയുംനൽകി പ്രീതിവരുത്തിയയച്ചുപുരത്തിൽ; കളമിഴിയാ ളെക്കാണാമെന്നഥ നളരെമനസ്സിൽകൌതുകമോടേ നളനരപാലൻതെ ളിവൊടുൎച്ചെന്നു കളിയുംഭക്ഷണമാശുകഴിച്ചു പുരുഷാരത്തെ വരുത്താനാ യൊരു പുരുഷനെനിഷധനരേന്ദ്രനയച്ചു പരിചൊടുപെരുകിനനായ ന്മാരവർ പുരമതിൽവന്നുനിറഞ്ഞൊരുസമയേ

ഭേരിജനമുടനിളകിനമദമൊടുപട്ടുതരവരവുതുടങ്ങി കടലിടെനടുത മുടനിട്ടിപൊടിപൊടികൾപറന്നുതുടങ്ങി തെളിവൊടുപലവാളുകൾക ക്കടതോക്കുകൾവില്ലുകൾശൂലം വെള്ളവെളവളയുന്നകട്ടത്തിലശക്തികൾ പത്രിച്ചുപാണം ശതഘ്നികൾ — വപരശുമുസൃണ്ഡികൾവില്ലുകൾചുരികകൾ കുന്തം പരിചകൾഗുരുപരിഘംതോമരപട്ടസമിട്ട കപ്പേ ഉച്ചുരികക ൾ എമതാടകൾവെണ്മഴുകത്തികൾവേലുകൾമറ്റും പെരുകിനപലകാ ളംതോക്കുകൾചക്രവുമുൽക്കടകുന്തം ഉടവാളുകൾപടവാളുകളിവനെടുവാ ളുകളിവപലതും പടയാളികൾവടിവോടാശുപിടിച്ചുവരവിടെനിറഞ്ഞു നളനൃപനുടെപുരമതിൽവിരവൊടുപെരുകിനപുരുഷസമൂഹം കളകള മൊടുപലതരമൊരുവകമന്ത്രികൾമാടമ്പികളും പലപലകൊലയാനകൾ കുതിരകൾതേരുകൾകാലാളുകളും പലതരമണിചാമരകുടതഴപൂങ്കൊടി വെള്ളക്കൊടിയും പരിചൊടുപലനായന്മാരവർവന്നൊരുദിക്കിലിരുന്നു നരവരപുരസീമനികൂട്ടമിരുന്നുപറഞ്ഞുതുടങ്ങി.

“കണ്ഡിനനൃപതിതന്നുടെമകളാം പെണ്ണിനെവേൾപ്പാനെഴുന്ന
ള്ളുന്നു നമ്മുടെസ്വാമിജഗത്രയവീരൻ സമ്മതമായിപ്പൂനായന്മാരേ! പെ
രിയപടജ്ജനസംഖ്യമാനസമറിയണമെന്നിട്ടുരചെയ്യുന്നു ഒരുവനുസമ്മ
തമല്ലെന്നാലതുശരിയായ്കേൾക്കണമെന്നരുൾചെയ്യു; തന്തിരുവടിയുടെക
ല്പനയെന്നാലെന്നിനുമൊരുവനുസംശയമില്ല; മന്ത്രികളൊന്നിനുമുതി
രുംനേരത്തെന്ത്രികളൊന്നുമുടിപ്പാൻനോക്കും തങ്ങടെകാര്യംനോക്കിനട
ക്കും ചങ്ങാതികൾപലരുണ്ടിഹനാട്ടിൽ ഇങ്ങൊരുകൂട്ടംവന്നുരചെയ്യും
അങ്ങുരചെയ്യുംമറെറാരുകൂട്ടം ഇരുവരുതമ്മിൽകടിപിടികൂട്ടി പരിചൊട്ടു
കണ്ടുഹസിക്കുമൊരുത്തൻ കുരളപറഞ്ഞുനടക്കുമൊരുത്തൻ പരിഹാസങ്ങ
ൾനടത്തുമൊരുത്തൻ; ചോറുകൊടുത്തൊരുകൈക്കുകടിക്കു ന്നേരുംപല
വിധമേറിവരുന്നു; തോണികടന്നാൽതൊഴകൊണ്ടെന്നൊരു നാണയമുണ്ട
തുപോലെസമസ്തം അണിനുചേരുമവസ്ഥകളല്ലേ കാണുന്നുചിലവസ്തുത
കൊണ്ടും സാധിച്ചവനെത്തന്നെപിടിച്ചഥ ബന്ധിപ്പാനൊരുമടിയില്ലേ
ത്തും ബന്ധുതചെയ്യുംമതിമാന്മാൎക്കൊരു വന്തിപിണപ്പാൻവഴിയുണ്ടാക്കും;
പടയെന്നുള്ളതുകേൾക്കുംപോളവർ പടലിൽചാടിയൊളിച്ചുകിടക്കും ഇ
ടയില്ലാഞ്ഞൊരുകൂട്ടംപലവക തടിയന്മാരവരെന്തിനുകൊള്ളാം? മറുനാ
ട്ടിന്നുഗമിക്കുന്നേരം കുറവുവരാതെയിരിപ്പാനിവക പറയുന്നുഞാനെന്നു
ടെവാർത്തകൾ അറിവുള്ളാളുകളറിയുംശേഷം വൻപുപെരുത്തകരക്കാരെ
ല്ലാം മുമ്പിലകമ്പടികൂടീടേണം കൊമ്പുംകുഴലുംതകിലുംമുരജം വൻപട
ഹങ്ങളുമനവധിവേണം”

“കരങ്ങൾവീശിക്കൊണ്ടുവരുന്നതെന്തെടോ!താൻ? മരങ്ങൾചുമ
പ്പാനോ?മരുന്നുപറിപ്പാനോ? കരത്തിലായുധങ്ങൾതരത്തിൽകരുതാതെ
ഗുരുത്വമില്ലാത്തനീപുറത്തിൽവരുന്നാകിൽ അടിച്ചുചെപ്പുരണ്ടുംപൊടി
ച്ചേമതിയാവൂ കുടിച്ചുബോധമില്ലാത്തടിച്ചനിനക്കിപ്പോൾ കട്ടത്തിലയും
തോക്കുംകൊടുത്തുപണയംനീ അടുത്തനാളിലതുതടുത്തുമേടിച്ചേക്കാം; ഭട
ത്വംപറയാതെനടക്കാതാനങ്ങോട്ടുമിടുക്കുപറഞ്ഞെന്നാലൊടുക്കംതനിക്കി
ല്ലാ; കറപ്പുസഞ്ചിക്കുള്ളിൽകറുപ്പുനിറച്ചുടൻ കറുത്തപുകയിലതെറുത്തുപി
ടിച്ചുംകൊണ്ടുറച്ചുതുക്കിത്തുക്കിവിറച്ചുവരുന്നൊരു നരച്ചകിഴവനെതര
ച്ചുമറിച്ചാലും! ഇണങ്ങരാരുംതമ്മിൽപിണങ്ങിത്തുടങ്ങല്ലേ പണത്തെക്കൊ
തിക്കല്ലേഗുണത്തെത്യജിക്കല്ലേ സ്വയംവൈരത്തിൽചെന്നങ്ങഹങ്കരിച്ചെ
ന്നാകിൽ മയംവരുത്തുവാൻഞാൻമതിയെന്നറിഞ്ഞാലും കോയിക്കൽചെ
ല്ലുന്നേരംവായിൽകൈപൊത്തണം ഭാവിക്കാതിരുന്നെന്നാൽസേവയ്ക്കുംമതി
യല്ലാ.

അവിടെവരുംചിലയജമാനന്മാ രവരെപ്പരിചൊടുശങ്കിക്കേണം
അവസരമറിയാതവരോടൊരുവരു മവതാളങ്ങൾതുടങ്ങീടൊല്ലാ; ഗണിത
ക്കാരുംകവിതക്കാരും ഗണികാജനവുംവൈദ്യന്മാരും മണിഹാരന്മാരെന്നു
തുടങ്ങി ഗുണമുള്ളാളുകൾപലരെവരുമ്പോൾ നമ്മുടെയാളുകളൊന്നിച്ചൊ
രുദിശി സമ്മുഖമവിടെപ്പാർത്തീടേണം നന്നിവരെന്നതുവന്നുകൂടാത്തിനു

തോന്നിക്കേണംനായന്മാരേ! പട്ടംമുണ്ടുംപണവുംപുടവ കെട്ടുംപലവിധമവിടെക്കണ്ടാൽ ഒട്ടുംകൈ തിരുതിലുന്നൊകൊല്ല കിട്ടുന്നതിലേമോഹമിതാവൂ കട്ടുനടക്കുംതിരുവാളികളുടെ ചട്ടമിതിൽചിലരറിയുന്നില്ലേ! കൂട്ടക്കാർചിലർതിരുതുന്നിഞ്ഞാൽ കിട്ടുംവെട്ടതുബോധിച്ചാലും ഒരുവൻചെന്നൊരബലംകാട്ടീ ട്ടരചനറിഞ്ഞുപിടിച്ചുവരിഞ്ഞാൽ വിരവൊടുവീണ്ടുവരുത്തിക്കൊൾവാൻ വിരുതുനമുക്കിവരതിയാകില്ല; മനമതിൽനല്ലൊരടക്കംവേണം കനിവൊട്ടുവന്നിട്ടുക്കംവേണം ധനികളിലവിടെവണക്കംവേണം കനിവെട്ടുതമ്മിലിണക്കംവേണം സരസതവേണംധീരതവേണം തരസാസമയോചിതവുംവേണം കളമിഴിമാരെത്തടിനടന്നോരു കളിചിരിജ്ഞളതുടങ്ങുന്നവനെ കളവാൻകുറവില്ലെന്നതുമറിക തളയിലിട്ടുന്നുണ്ടെന്നതുമറിവിൻ! ഇങ്ങനെയൊരുവൻകല്പനയരചൈ യ്തതുനടന്നുതുടങ്ങിതദാനീം തിങ്ങിനപടയുംപരിചൊടുനളനെവ ണങ്ങിനിരന്നുവരുന്നൊരുസമയേ.

നളനൃപനതുപൊഴുതതികുതുകാൽ വളതളമകുടമണിഞ്ഞുതദാ; തെളിവൊടുവലിയൊരുകരിവരന്റെ ഗളമതിലെഴുന്നള്ളിയിരുന്നരുളി; കുടകൊടിതഴവെൺചാമരികൾകെട്ടി പടഹങ്ങൾകിട്ടുമുടിതുടിമുഖങ്ങൾ ഇടിയൊടുപടപൊരുതടിമുഴക്കി പൊട്ടുപെടെവെടികളുമുടനിടയിൽ പടജനപടലവുമിടവകയും നടവിടമടചടരടിതങ്ങളും തടമുലതടവിനതരുണികളും മട്ടുമലതടയൊരുപരിമളവും നടകളിലിളകിനകരിഘടയും പടകടെകലശലുംനിലവിളിയും പട്ടുതരവടിവുകളിവപലതും ഇടതിങ്ങിപ്പുറപ്പെട്ടുനടനംചെയ്തു ജയജയനരവരനളനൃപതേ! ജയജയവിഹരണചതുരമതേ! ജയജയഗുണഗണനൃപതേ! ജയജയകരിവരസരസഗതേ!

ഇങ്ങനെപാടിസ്തുതിചെയ്യുന്നൊരു ഭംഗികണ്ടൊരുവിപ്രന്മാരിടതിങ്ങിനപടയൊടുകൂടിനരേന്ദ്രൻ മംഗലസമയേയാത്രതുടങ്ങി സുരപതിവരുണനുമന്തകനഗ്നിയു മൊരുമിച്ചവിടെക്ഷിതിയിലിറങ്ങി കരളിൽപെരുകിനകുണ്ഠിതമോടേ തംസാതമ്മിലുരച്ചുതുടങ്ങി ഭുവനമനോഹരസുന്ദരവരനാം ഇവനെക്കന്യകകണ്ടെന്നാകിൽ ഇവനെത്തന്നെവരിക്കയുള്ളു ശിവശിവ!കണ്ടാലെത്രമനോജ്ഞൻ! രണ്ടുപ്രകാരംനിരൂപിച്ചാലും തണ്ടാർമിഴിയെനമുക്കിഹവേണ്ടാ കണ്ടാലഴകുള്ളിവനെവരിച്ചാലുണ്ടാംപിന്നെനമുക്കവരുന്നു? പ്രണയിനിയിവനെവരിച്ചില്ലെങ്കിൽ ഗുണമറിയാത്തവളവളെന്നവരും; ഗുണമറിയാത്തനിതംബിനിമാരും തൃണവുംസമമെന്നെന്നുടെപക്ഷം; അതുകൊണ്ടിവിടെവിചാരിക്കുമ്പോൾ ചതികൊണ്ടിവനെയെട്ടുത്തുമറിക്കാം അതിനുപദേശംതാനെചെയ്യാം മതിമുഖിയാളെക്കാട്ടരുതിവനെ ദൂതുരചെയ്യാനിവനെയയയ്ക്കണ മേതുമതിനൊരുസംശയമില്ല; കാതംമിഴിയെവരിക്കണമെന്നാൽ ദൈതവനൊട്ടുതുടങ്ങേണ്ടിവരും പഞ്ചശരോപമനാംനളഭൂപനെ വഞ്ചിപ്പതിനവർനാല്വരുമുടനേ നെഞ്ചിലുറച്ചുനരേന്ദ്രാഗമനം കിഞ്ചില്പാർത്തുവസിക്കുന്നേരം നളനുംപടയുംകടയും

തഴയും പരിചൊട്ടപെരുവഴിതന്നിലിറങ്ങി കള്ളവുമനസ്സിൽകരുതിന ദേ
വകൾ തെളിവിൽചെന്നവർമുന്നിലിറങ്ങി ദിവ്യന്മാരെക്കണ്ടതുനേരം ഭ
വ്യനതാകിന നളനൃപവർ, കരിവരമതിൽനിന്നതിതാന്തം തരി
ത്തിറങ്ങിച്ചെന്നുവണങ്ങി; അരുളിച്ചെയ്തു സുരവരനപ്പോൾ "നരവരപുംഗ
വ നളനല്ലേ നീ? ഒരുവഴി മദ്ധ്യേ നിന്നെക്കണ്ടതു പരിചൊടു ഞങ്ങടെ ഭാ
ഗ്യാതിരേകമൊരുകാര്യം ഞാൻ നിന്നോടിന്നാൽ തരുവതിനെളുതോ? നളനര
പാല വിരവൊടു തരണം മടികൂടാതെ അതു തെന്നാകിലതു കേൾക്കേണം"
കള്ളവുമൊളിയുമറിഞ്ഞീടാതെ ഒരു നളനരപാലൻ തൊഴുതുരചെയ്തു. "അ
ടിയനു നിങ്ങടെ കല്പന കേൾപ്പാൻ മടിയില്ലറിയണമമരന്മാരേ! തിരുമന
താരിൽ നിനച്ചതു പോവിനന്നരുളിച്ചെയ്താൽ എന്തുവിവാദം? വാനവരാകിയ
നിങ്ങൾക്കെന്തിഹ മാനവനാകിയ ഞാനന്തതകേണ്ടു? ഞാനതു ചെയ്വാൻ മ
തിയാമെങ്കിൽ ദാനം ചെയ്വാൻ മടിയില്ലടിയനു" ക്ഷിതിപതിവചനം കേ
ട്ടുരചെയ്തു ചതികരുതീടിന ദേവശ്രേഷ്ഠൻ; "മതിമുഖിയാം ദമയന്തിയി
ലധികം പ്രതിദിനമാശവളർന്നിട്ടുണ്ടു അതുകാരണമിഹ ഞങ്ങളിദാനീം
ക്ഷിതിയിലിറങ്ങി നടന്നീടുന്നു അതിയായിട്ടു പ്രയത്നം ചെയ്വാൻ മതിയാ
യിട്ടൊരു ബന്ധുവുമില്ല അതുരാകിയ ഞങ്ങടെ വചസാ ദൂതുപറഞ്ഞു കൃശോ
ദരിയുടെ ചേതസി ഞങ്ങളിലനുരാഗം പരിചൊടു വിളംബിതമുളവാ
ക്കേണം; നാലു ജനങ്ങളിലൊരുവനെയിന്നവൾ മാലയിടേണം മടികൂടാ
തെ, നീലക്കാർകുഴലാളൊടിതെല്ലാം ചാലെ ചെന്നു പറഞ്ഞീടുക നീ" വല
രിപുവചനം കേട്ടു നരേന്ദ്രൻ വലിയ വിഷാദം പൂണ്ടുരചെയ്തു:— "മട്ടുമ
ലർമിഴിയെ വിവാഹം ചെയ്വാൻ അടിയനുമധുനാ വിടകൊള്ളുന്നേൻ; പ
ന്തണിമുലയാളാമവളെന്നെ ചിന്തയിലാക്കി വരിച്ചിതുപോലും കാന്തയി
നിക്കിവളെന്നിഹ ഞാനും കാന്തനിനിക്കിവനെന്നവളും ചന്തമോടന്തഃ
കരണെ വിവാഹം ഹന്ത! കഴിച്ചിതു പണ്ടേതന്നെ; ഉന്നതൻമൊഴിയൊടു സ
ന്ധിപറഞ്ഞിഹ സാധിപ്പിപ്പാനിങ്ങളുതല്ലാ കൊതിയന്മാരേ ദൂതിനയ
ച്ചാൽ ചിതമായ്വരുമോ വിബുധന്മാരേ! അതിനെക്കാളുണ്ടൊരു വൈഷമ്യം
അതുമുറ ചെയ്യാം മതിമാന്മാരേ! മതിലുകളേഴു കടന്നു നടന്നേ മതിമുഖിത
ന്നുടെ ഭവനേ ചെല്ലൂ അതിനിടയിൽ ചിലകാവൽക്കാരുണ്ടതിയായിട്ടു കയ
ർത്തു തടുപ്പാൻ; അവരിൽ ചിലരെക്കൊല ചെയ്യാതെ അവിടെ ചെന്നു കട
പ്പാൻ വിഷമം കുന്തുകളടിയും വെട്ടും മുട്ടും കൂടിവരുന്നൊരു നരനെക്കണ്ടാ
ൽ പെട്ടന്നവിടെ വസിച്ചീടുന്നൊരു മട്ടോൽമിഴിമാരോടിയൊളിക്കും;
വൈരസ്യം പലകാട്ടും പുരുഷനെ സാരസ്യത്തിനു കൊള്ളരുതേതും; ചേരു
കയില്ലെന്നല്ലവളധുനാ വൈരമവങ്കലുറച്ചേതീരു; കാവൽക്കാരറിയാതെ
പതുക്കെ കേവലമവളുടെ മുന്നൽ ചെല്ലാം എന്നാലും പുനരുണ്ടൊരു ദോ
ഷം ഇന്ദ്രാദികളതു ബോധിക്കേണം കളമൊഴിയാളെക്കാണും നേരത്തിളകി
ല്ലോ മമ മാനസധൈര്യം നളനെന്നുള്ളതുമവൾ ബോധിച്ചാൽ തെളി
വൊടു മാലയുമിടുമവളെന്നെ എന്നെത്തന്നെ വാഴ്ത്തുകയല്ലെന്നിന്നു കനി
ഞ്ഞോർത്തരുളീടേണം എന്നിവ പലപല ദുശ്ശകടമുണ്ടു എന്നതുകൊണ്ടു പറ

ഞ്ഞീട്ടുന്ന ദുസ്സാദ്ധ്യങ്ങളിലടിയനെവിടുവാനുത്സാഹിക്കരുതമരന്മാരേ! വ
ത്സലയാമവൾനിങ്ങൾനിനച്ചാൽ ഉത്സംഗേവരുമുടനേതന്നെ" വിണ്ണവ
ർവചനമതുകേട്ടതുനേരം കണ്ണുകളായിരമൊന്നുചുവന്നു ദണ്ഡുകരത്തിലെടു
ത്തുയമനും തിണ്ണംവരുണനുമൊന്നുപകന്നു അനലനുമൊന്നുജ്വലിച്ചുതുട
ങ്ങി. കനലെരികണ്ണുതുറന്നുമിഴിച്ചു മനസ്സികമത്ത്രാസുരോത്തമനപ്പോൾ
കനിവുവെടിഞ്ഞുപറഞ്ഞുതുടങ്ങി; "ശഠതകളോരോന്നരചെയ്യുന്നൊരു
കഠിനമനസ്സാംപട്ടവേകേൾനീ! കുടിലതമനസിനിറച്ചുനിറച്ചൊരു പ
ട്ടതനടിച്ചുപറഞ്ഞതറിഞ്ഞു; സോമകുലത്തിൽപിറവിലഭിച്ചൊരു ഭൂമി
പതിയ്ക്കിഹപൊളിപറയാമോ! ഭീമാത്മജയാംകന്യകതന്നിൽ പ്രേമംകൊ
ണ്ടുപറഞ്ഞതിതെല്ലാം സാധിപ്പിക്കാമെന്നുപറഞ്ഞതു ബോധിച്ചപ്പോളെ
ളുതല്ലെന്നും ഒരുനാഴികയുടെയിടയിൽപലവാക്കുരചെയ്യുന്നതുചിതമോ
മൂഢ! തിരിയാത്താളുകൾഞങ്ങളിതെന്നൊരു പരിഹാസത്തിനുനീ തുനി
യുന്നു; മര്യാദയ്ക്കൊരുനീക്കംവന്നാൽ ഇന്നിനിയീഭൂമിയിലെങ്ങും സുന്ദര
നാകിയനമ്മെക്കണ്ടാൽ സുന്ദരിവന്നിഹമടിയില്ലേറ്റും എന്നിവകണ്ടുജള
ത്വംപറവാൻ എന്നുപഠിച്ചിട്ടമനുജകിശോര! നളനെന്നല്ലനിനക്കിനി
നാമം ജളനെന്നുള്ളതു ബോധിച്ചാലും കളവുംപൊളിയുംഞെളിവുമിതെ
ല്ലാം അളവില്ലാതെമനസ്സിലുറച്ചു മേനിപറഞ്ഞാൽ മറ്റുള്ളവർവെറ്റു മാ
നിച്ചീടുമതെന്നൊരുപക്ഷം നീയാരെന്നുംഞാനാരെന്നും താനറിയാത്തവ
നതുകുബുദ്ധി തന്നത്താനറിയുന്നതിനേക്കാൾ പിന്നെവിശേഷിച്ചൊരു
ഗുണമില്ല; നിന്നുടെവൃത്തികൾഞാനറിയുന്നു എന്നുടെവൃത്തികൾനീയറി
വീലാ ധാർമ്മികനാകിയധരണിപതിയ്ക്കിഹ ധർമ്മത്തിന്നൊരുനീക്കംവന്നാ
ൽ കർമ്മികളാകിയവിപ്രന്മാരുടെ കർമ്മത്തിന്നുംകുറവുഭവിക്കും" കണ്ണുകൾ
രണ്ടുമുരുട്ടിമിഴിച്ചു ദണ്ഡുംകുറുമെട്ടത്തുപിടിച്ചു ചണ്ഡമതാകിയമീശ
വിറച്ചു ദണ്ഡധരൻയമനരുളിച്ചെയ്തു; "എന്തുപറഞ്ഞെടമനുജപ്പുഴുവേ!
ബന്ധുതചെയ്യാനെളുതല്ലെന്നോ ? അന്തകനാകിയനമ്മുടെവാർത്തകൾ ചി
ന്തിക്കാതെപറഞ്ഞീടുകയോ ? ചെമ്പുകിടാരംചുട്ടുപഴുപ്പിച്ചമ്പതുചേത
നനെയ്യുതിളപ്പിച്ചമ്പതുലക്ഷംകിങ്കരജനമുണ്ടെൻപുരിതന്നിൽവസിച്ചീ
ട്ടുന്നു; ദുഷ്ടതകാട്ടുംമനുജരെയിന്നതിലിട്ടുവറുത്തുപൊരിച്ചീട്ടുന്നു ചേട്ടത
ങ്ങൾപറഞ്ഞെന്നാൽതവ പെട്ടീടും ചിലസങ്കടമപ്പോൾ പലപലദുരിതം
ചെയ്യുന്നവരുടെ തലയിലടിച്ചുപിളപ്പാനുള്ളൊരു വലിയൊരുദണ്ഡിതുക
ണ്ടാലും നീ നളദുർബ്ബുദ്ധേപാശവുമുടനേ കണ്ടജനങ്ങടെകണ്ഠംതന്നിൽ കു
ണ്ഠേതരമായ്കെട്ടിമുറുക്കി കണ്ടങ്ങളിലുംകണ്ടകമതിലും കുണ്ടിലുമിട്ടുവലി
ച്ചപരോടം കൊണ്ടുനടന്നുംകരചരണാദികൾ കണ്ടിച്ചു കട്ടചോരപിര
ണ്ടും നീണ്ടുതടിച്ചൊരുനെട്ടപാശത്ത കണ്ടതുകൊണ്ടൊരുഭയമില്ലല്ലീ?
ശുണ്ഠികടിക്കുംനമ്മെക്കൊണ്ടൊരു ശണ്ഠയിടീപ്പാൻവഴിയുണ്ടാക്കിയ ചെ
ണ്ടകൊരാശഠതപറഞ്ഞാൽ ഇണ്ടൽപിണച്ചവൻഞാൻമതിയാകും" വരുണ
നണഞ്ഞുപറഞ്ഞുതുടങ്ങി; "കരുണനമുക്കരുമ്പില്ലെട്ടും തരുണീമണി
യിൽകൊതികൊണ്ടല്ലേ വരുണൻനമ്മോടുപൊളിപറയുന്നു; കോപമിനി

ക്കമനസ്സിലുദിച്ചാൽശാപംതരുവാൻസംശയമില്ല അപ്പൊത്തൊന്നുവരുത്തിക്കൊണ്ടുൾത്താപമെഴിപ്പാനെളുതല്ലേതും" അഗ്നിയുമരുളിച്ചെയ്തു "തരുണിയിൽ മഗ്നതകൊണ്ടുകണക്കില്ലരചകശ്മലവൃത്തിപറഞ്ഞാൽനിന്നെ ഭസ്മമതാക്കുഞാനമിദാനീം" ഇത്തരമവരുടെവാക്കുകൾകേട്ടുടനത്തൽമുഴുത്തൊരുനളനരുൾചെയ്തു. "ഭക്തന്മാരാകുമൊരടിയനിലിവക യുക്തമിതല്ലസുരേന്ദ്രന്മാരെ! നിങ്ങടെശാസനമെന്തന്നാലതു മംഗലമായ്വരുമതിഹജനാനാം കല്പിക്കുന്നതുകേൾക്കാമതിനു വിള്ളലുമില്ലിഹകാരിവരുളേണം എന്നതുകേട്ടമനസ്സുതെളിഞ്ഞു മന്ദസ്മിതമരുൾചെയ്തുസുരേന്ദ്രൻ "നല്ലതുവരികനിനക്കുനരേന്ദ്ര! ചൊല്ലിയവണ്ണംദൂതുസാധിച്ചാലും സാധിക്കുംതവകാൎയ്യമശേഷം ബാധിക്കയുമില്ലതുനിന്നെ ദമന്റെസോദരിയെന്ന്യേമറ്റൊരു സുമുഖികൾപോലുംനിന്നെക്കാണാ കളഭാഷിണിയുംനിന്നെക്കണ്ടാൽ നളനെന്നുള്ളതുബോധിച്ചീടാ; നിങ്ങളുതമ്മിൽപറയുംവാക്കുക ളൊന്നുമൊരുത്തരുകേൾക്കയുമില്ല; എന്നാൽഞങ്ങടെകാൎയ്യമശേഷം നിന്നുടെ പക്കലുറപ്പിക്കുന്നേൻ; ചെന്നുപറഞ്ഞുമനസ്സിളക്കി സുന്ദരിഞങ്ങടെപാട്ടിൽവരേണം; അമ്പല്ലേശരമംബുജബാണന്ന തമ്പുമെടുത്തുതൊടുത്തീടുന്നു; അമ്പുജനങ്ങടെനെഞ്ചുപിളൎപ്പാൻ പഞ്ചായുധനിഹഭാവിക്കുന്നു; നാലുശരത്തിനുലാക്കായിട്ടിഹ നാലുശരീരംഞങ്ങടെതന്നെ അഞ്ചാമത്തെക്കണകൊണ്ടുടനേ ചഞ്ചലമിഴിയെപ്രഹരിക്കേണം ഗുണഗണസിന്ധോ നിഷധനരേന്ദ്ര! ക്ഷണനേരംനീവൈകിക്കരുതേ പ്രണയിനിയാംദമയന്തിയൊടേവം മതിമോഹങ്ങൾപറഞ്ഞീടുകപോ യണിമതിമുഖിയുടെമണിമയഭവനേ രണചണനാം വം!ശുദ്ധാന്തത്തിൽ; നല്ലതുവരികനിനക്കുനരേന്ദ്ര! ചൊല്ലിയവണ്ണംദൂതുസാധിച്ചാലും"

ശശിപതികല്പനനടത്തുവാനും മുഖദർശനംക്ഷണമകപ്പെടാനും ഉറച്ചുചേതസിനളക്ഷിതീശൻ മറച്ചുതന്നുടെമനോവികാരം പങ്കജനങ്ങളെവനത്തിലപ്പോൾ അടക്കിവച്ചുഥനടന്നധീരൻ കടന്നുകുണ്ഡിനപുരത്തിനുള്ളിൽ കിടങ്ങുഗോപുരമതിൽകടന്നു; നിറഞ്ഞമാനുഷജനങ്ങളാരും അറിഞ്ഞതില്ലിഹനളന്റെയാനം മറഞ്ഞുഭൂപതിനടന്നുമെല്ലെ പറഞ്ഞടിക്കിവുമട്ടുത്തുചെന്നു

ഏണാക്ഷികളൊരുപത്തുസഹസ്രം വാണീടുന്നതുകാണായ്വന്നു; അണായിട്ടൊരുഭൃത്യരെഅവിടെ കാണാനില്ലൊരുകോണിൽപോലും നാളീകാക്ഷിവിദർഭജതാനും അളീപാളികളോടുംകൂടി കേളിവിനോദവിശാരദഗതിയായ്യാളികമുകളിൽവസിക്കുന്നേരം; കോമളഗാത്രൻസോമകുശേലൻ മേളമിയന്നമനോഭവചിന്തൻ താപമകററിദേവാദികളുടെ കാമനിവൃത്തിക്കാഗ്രഹമോടെ മാനവവീരൻമതിമുഖിതന്നുടെ മണിമഞ്ചത്തിനടുത്തൊരുസമയേ ശ്യാമവിഹീനസുകോമളമാൎഗ്ഗേ പാവനമാകിനപഞ്ചമദശിനാൾ നക്ഷത്രങ്ങടെനടുവിൽവിളങ്ങും സാക്ഷാൽപനിമതിബിംബംപോലെ ലക്ഷണയുതമാംദമയന്തീമുഖ മക്ഷിതിപാലനുകാണായ്വന്നു; അ

ടിമലർത്തുടയിണകടിതടമോടും പടുകോടിനടുതലമുടിവടിവുകളും മുളിയ
ടിയുടലുകളുടമകളുടനഖി പടുതരമരചനകാണായ്വന്നു; വാങ്ങിയലയ്ക്കുമൊര
മൃതുസമുദ്രേ മുങ്ങിയപോലെമനസ്സുതന്നുത്തു അംഗനമാർമണിമകുടപ്പൂമ
ണി മംഗലദീപികളുകകുലവാണി എങ്ങിനെയിവളുടെമുമ്പിൽചെന്നാ
ൽ തിങ്ങിനവികൃതിമറച്ചീടേണ്ടു? ഇങ്ങിനെയുള്ളൊരുപെൺകൊടിയാ
ളുടെ സംഗമസുഖകരമാകലെ ിപ്പൂ? ക്കുറുപെരുത്തൊരനംചൊന്നതിൽ ാ
റുമങ്ങുമഹാഗ്രഹമേറും കാറൊപ്പിതലമുടിവടിവുംമുഖവും മാറണിമുലക
ളുമിങ്ങിനെകണ്ടിഹ നിറുന്നമമ ഹൃദയമിദാനീം ഏറുന്നപുനരലർശരതാ
പം മാറണികുഴൽമണിയാളൊടിനിഇഹ വേറുപിരിഞ്ഞുവസിപ്പാൻദു
ണ്ഡം" ഇത്ഥംപലവകനളനരപാലൻ ചിത്താകൊണ്ടുവിചാരിച്ചുടനേ
മത്തമതംഗജഗാമിനിതന്നുടെ പത്തനസീമനിചെന്നുകരേറി; അതിസു
ന്ദരനാംപുരുഷനെയരികിൽ പ്രതിമുഖമവിടെക്കണ്ടുതദനരം മതിമുഖി
തന്നുടെമനതളിരിൽപുന രതിമായിട്ടൊരുവിസ്മയമുളവായ്" എഴുനീററ
വളൊരുമണിപീഠത്തെയു മഴകൊടുനൽകിയിരുത്തിയതിന്മേൽ ശശിമു
ഖിമൃദുതരകുശലപ്രശ്നം വിശദമറിഞ്ഞുപറഞ്ഞാളേവം, "മാരസമാന
ശരീരഭവാൻപുന രാരെന്നുള്ളതുചൊല്ലീടേണം കാരണമെന്തിഹവരുവാ
നെന്നും സാരമതാംതവകുലമേതെന്നും അരിവാനിന്നുടെജനകനിതെന്നും
പാരതിലെങ്ങധിവാസമിതെന്നും പോരെന്തെന്നുംകഥയമഹാത്മൻ! പാരം
കൌതുകമിങ്ങുളവായി" കളമൊഴിയാളുടെവാക്കുകൾകേട്ടു; നളനരപാ
ലൻപുനരരുൾചെയ്തു "നളിനദളായതനയനേ!കാമിനി കളിയല്ലിതുകേ
ൾഞാനൊരുദൂതൻ; കുലനാമാദികളൂചെയ്തിട്ടൊരു ഫലമില്ലല്ലോകുവ
ലയനയനേ! അവർശരപരവശരായിട്ടിങ്ങിഹ ചിലയജമാനന്മാരതുകാ
ലം നിന്നുടെഭാഗ്യമിതതിശയമത്രേ മനസിലൊരംഗനമാക്കിയുലഞീയോ;
ഇന്ദ്രനനിങ്കൽകാംക്ഷതുടങ്ങി സുന്ദരിനിന്നുടെസുകൃതംതന്നെ; എന്നതു
മല്ലപ്രേതാധിപനും പിന്നെദ്ദഹനനുമംഭോനിധിയും എന്നിവർനാലുമ
ഹാപുരുഷന്മാർ നിന്നെനിനച്ചുമരിപ്പാറായി; ഇന്നിതിലൊരുവനെമാ
ലയിടേണം നിന്നുടെമനമതിലൊത്തതുപോലെ സുരപതിപാരംപരവശ
നായി വരുന്നനമശനിയുമങ്ങിനെതന്നെ; അന്തകനതിയായിട്ടനുരാഗം
അന്തമെടുത്തുകടുത്തൊരുതാപാൽ അമരാവതിയിലിരുന്നുരമിപ്പാൻ ദമയ
ന്തീതവകൌതുകമില്ലേ? അമരാധിപനെവരിച്ചെന്നാകിൽ അമരസ്ത്രീക
ളുമൊരുമിനിങ്കൽ ഗംഗാസലിലേസ്നാനംചെയ്യാം ഗംഗാപുളിനേകളികളു
മാടാം ശൃംഗാരാദിരസങ്ങൾനടിച്ചുമരാംഗനമാരുടെനൃത്തംകാണാം; ക
ല്പകപുഷ്പാകൊണ്ടുചമച്ചൊരു തൽപംതന്നിൽനിനക്കുശയിക്കാം; അല്പ
മിതല്ലസുഖങ്ങൾനിനച്ചാ ലുൽപലനയനേ!ഹരിയെവരിക്കാം; വരുണ
നേയാത്താലവനെത്തന്നെ വരണംചെയ്യുന്നാമെന്നുതോന്നു തരണാവള്ള
രെദ്രവ്യമിതെന്നാൽ വരുണനുചെററുംസംശയമില്ല; തരുണിമണിക്കിഹ
യമനെവരിപ്പാൻ കരുണമനസ്സിലുദിച്ചെന്നാകിൽ മരണഭയംപുനരൊട്ടും
വേണ്ടാ ചെരിയെബ്രഹ്മൻകാലമിരിക്കാം തേജസ്സുള്ളജനങ്ങളിലത്രേ തേ

ൻമൊഴിമാൎക്കനുരാഗമരിപ്പൂ എന്നാലഗ്നിയെമാലയിടേണം നന്നായിട്ടു വന്നുണ്ടു പ്രകാശം.

“പൂന്തേൻമൃദുവാണീ! ദമയന്തി ചിന്തിതമെന്തിഹ തേ? ചിന്താമണിയാകും സുരേന്ദ്രന്റെ കാന്തയായിടണം നീ കൃശോദരി! പൂന്തേൻമൃദുവാണീ ദമയന്തീ! ചിന്തിതമെന്തിഹതേ? പങ്കജബാണന്റെ ബാണങ്ങളേററവ നാശം തേടുന്നീടുന്നു പിന്നെ തിങ്കളുദിച്ചുവരുന്നേരം സങ്കടം പാരം വളൎന്നീടുന്നു, നവ കുങ്കുമപങ്കം പനിനീരു ചന്ദനാൽ മേനിദഹിച്ചീടുന്നു ഇനി നിൻകൃപയില്ലെങ്കിലെങ്ങിനെ വാസവൻ പ്രാണൻ വഹിച്ചീടുന്നു കൃശോദരി! (പൂന്തേൻ) നന്ദനകാനനം തന്നിലിരുന്നാലു മില്ലൊരു ചിത്തസുഖം ഹരി ചന്ദനവൃക്ഷത്തണലിൽകിടന്നാലു മാനന്ദമില്ല ധുനാ നിജ മന്ദിരം തന്നിലിരിപ്പാനും മേലാ പൂന്തേനെന്നു വന്നു സുര സുന്ദരിമാരുടെ കൂത്തിലും പാട്ടിലും കൌതുക മില്ലപോലും കൃശോദരി (പൂന്തേൻ) നിന്നുടെ നാമം ജപിക്കും കളിക്കും ചിരിക്കും തിരിക്കുമുടൻ പിന്നെ നിന്നുടെ രൂപം സ്മരിക്കും ചിരിക്കും ഇരിക്കും മരിക്കും പോലെ നല്ല മന്ദിരം തോറും നടക്കും കിടക്കും മടക്കും മനോമദനൻ സ്മരൻ തന്നുടെ ബാണം തറയ്ക്കും വിറയ്ക്കും കുറയ്ക്കും മറക്കുമുടൻ കൃശോദരി (പൂന്തേൻ) അങ്ങിനെ തന്നെ വരുണനുമഗ്നിയു മന്തകദേവനും അവർ തങ്ങടെ സങ്കടമിങ്ങനെ ചൊല്ലുകിൽ ഇല്ലൊരൊടുക്കമഹോ നാവും ശവ നന്ദിനി സുന്ദരി നീയത്തു നന്ദിച്ചു യയ്യൂണമേപല ഭംഗിപറഞ്ഞു മയക്കിച്ചു മയ്യൂരു തെന്നെയുമിന്നിഹ നീ കൃശോദരി പൂന്തേൻമൃദുവാണീ ദമയന്തീ ചിന്തിതമെന്തിഹ തേ?”

നളനുടെ വചനം കേട്ടു ദശായാം കളമൊഴിമുഖവും താഴ്ത്തിച്ചൊന്നാൾ വളരെപ്പറയരുതെന്നെ ട്ടൂതാ! “കളിവചനങ്ങൾ കുറച്ചാലും നീ ഹൃദയം കൊണ്ടൊരു പുരുഷനെ മുന്നം സദയം ഞാനിഹ വരണം ചെയ്തു അവനല്ലാതൊരു പുരുഷനെ ഞാനീ ഭുവനം തന്നിലുമിച്ഛിച്ചീടാ; ദൃഢപതിയായ പതിവ്രത ഞാൻ ദൃഢ പതിവ്രതാപാലനെക്കാംക്ഷിച്ചീടാ; പടുമതിയാം മമ വല്ലഭനിപ്പോൾ ഝടിതി വരും മമ വേളി കഴിപ്പാൻ; എന്നുടെ രമണനു ശരിയായിട്ടൊരു സുന്ദരനില്ല ജഗത്രയവാടേ നിന്നുടെ ചെവിയിൽ കേളാഞ്ഞെന്തേ? മന്നവമണിയാം നിഷധേശ്വരനേ കളമധുരാകൃതി നളനരപാലൻ നളിനവിലോചന നളിരുചികേശൻ തെളിവൊടു മുന്നിൽ വരുന്നാളവനുടെ ഗളമതിൽ മാലകരേററിവരിക്കും; ഇന്ദ്രാദികളും ചന്ദ്രാദികളും ചന്ദ്രമുഖന്മാർ മററുള്ളവരും കുന്നിച്ചീടിന പണമുള്ളവരും സുന്ദരനെന്നു നടിക്കുന്നവരും ഈരേഴുലകിലുമമരും പുരുഷരിലാരുമിനിക്കിഹ വരനാകേണ്ടാ; വീരശിരോമണി നളഭൂപാലൻ ചാരുഗുണാകരനെന്നുടെ കാന്തൻ നളനുടെ രൂപാവഴിയാംവണ്ണം നളിനദലത്തിൽ നഖം കൊണ്ടെഴുതി തെളിവൊടു തന്നു കളഹംസം മമ കളിയല്ലതു ഹൃദി മരുവീടുന്നു; നിന്നുടെ രൂപവുമെഴുതിയ രൂപവു മിന്നൊരു പോലെ തോന്നീടുന്നു; എന്തൊരു കാരണമതിനെന്നുള്ളതു ചിന്തിച്ചിട്ടതു കാണുന്നില്ലാ; കോടിസഹസ്രം മദനന്മാരുടെ മോടികലൎന്നഖവാനേട്ടതിനു ചാടിച്ചവരുടെ മനതാരിങ്കലെ മൃ

ഢതയോത്താൽ ചിരിമാകുന്നു, വാശ്ശുതുമത്തുകൊണ്ടെന്തിനവളരെ ദുശ്ശ്രൂ
ഷകൾകഥിച്ചീടുന്നു? ഈശാക്രുപകൊണ്ടെങ്കിലുടൻനിഷധേശവരനേ
വരണംചെയ്യാം നളനൃപനെന്നുടെവരനായ്വരുവൻ തെളിവൊടുദേവ
വരന്മാരവർമമ പെരുകിനകൃപയൊടുവരമരുളേണം വരമിദമവഹിദേ
വന്മാരേ! സുരവധുമാരുടെനടുവിലിദാനീം നരവധുചേരുകയില്ലഉച്ചി
യ കാഞ്ചനവളയുടെനടുവിൽപിച്ചളവളയതുപോലെ പൊന്മയഹംസി
കൾതന്നുടെയിടയിൽ പൊന്മാൻപിടയതുപോലെ മറിമാൻപിടകൾ
തന്നുടെഇടയിൽ കുറുനരിതൻപിടപോലെ അഴകിയഹരിണികൾഅരി
കിൽചെല്ലും കഴുതപ്പെൺകൊടിപോലെ. നിഷധനരാധിപനെന്നുടെ
രമണൻ ഇഷ്ടധര വാഹമനോജ്ഞൻ മദനമനോഹരസുന്ദരവദനൻ മദ
കളകോമളലീലൻ സരസശിരീഷശരീരനുദാരൻ സരസിജലോചനനാ
ല്ലേ സുരവര സേവകനായഭവാനും നരവരനളനുമിദാനീം ഇരുവരുമൊരു
വൻതന്നുടെസുതരാം കരളിൽവിചാരമിദംമേ; ഇതിലധികംമമനിന്നൊ
ടുപറവാൻ മതിബലമില്ലഹദത്ത!" അതുകേട്ടടനേനളനരുൾചെയ്തു അ
തുമതിയായില്ലംബുജനയനേ! അതിസുന്ദരനാമിന്ദ്രങ്കൽതവ കൊതിയി
ല്ലെന്നുപറഞ്ഞതുഭോഷ്ക്കു ഇന്ദ്രൻതന്നുടെരസ ണ്ടാവാൻ സുന്ദരിമാർപല
രിച്ഛിക്കുന്നു ഇന്നതുസധിക്കില്ലെന്നവരോർത്തവ രൊന്നുമനങ്ങുനില്ല
ന്നത്രേ അമരർകുലത്തിൽമികച്ചൊരുവമ്പനെ വേണ്ടെന്നിനക്കെന്നുരചെ
യ്യാമോ? കൊണ്ടൽക്കുഴൽമണിയാളേ!നിന്നുടെ ചെണ്ടത്തപുനരധികം
രന്നെ നളനെന്നുള്ളൊരുപുരുഷൻഭോഷൻ ഇളനെന്നുള്ളതുബോധി
ച്ചാലും! പൊളിയല്ലവനെക്കാണുന്നേരം തെളികയുമില്ലനിനക്കുസുശീലേ
മനസിനളൻനളനെന്നുനിനച്ചിട്ടനുദിനമിങ്ങുവസിച്ചനിനക്കും അവ
നെക്കണ്ണിൽകാണുന്നേരം ഇവനോ!എന്നൊരുനിന്ദയുമുണ്ടാം കയ്യിൽകി
ട്ടിയകനകമുപേക്ഷിച്ചിയംകോൾവാനിച്ഛിക്കുന്നു അയ്യോഭോഷീ!നീ
യെന്തിങ്ങിനെ കാര്യാകാര്യംതിരിയാത്തവളേ!. മംഗലശീലേനീയുംന
ളനും തങ്ങളിലൊട്ടുംചേരുകയില്ലാ; നല്ലമിനത്തകഷണ്ടിക്കാരൻ മുല്ല
പ്പൂമലർചൂടിയപോലെ കുന്നിക്കുരുവുംപവിഴവുമിടചേർത്തുന്നതമുലക
ളിലണിയുംപോലെ കൊന്നപ്പൂവുംമറവുള്ളൊരു പൊന്നുംതമ്മിൽചേരും
പോലെ! കാഞ്ചനമുട്ടകിൻനടുവിലണിഞ്ഞൊരു മഞ്ചാടിക്കുരുവെന്നതു
പോലെ കോപമിനിക്കമനസ്സിലുദിച്ചാൽ ശാപംതരുവൻസംശയമില്ല;
ചഞ്ചലനയനേ!സുന്ദരിനിന്നുടെ നെഞ്ചിൽനിനച്ചതുചിതമല്ലൊട്ടും; സ
കലകലാമലശീലാശയയാം ശുകമൊഴിനിന്നുടെലീലകളറിവാൻ വി
കൃതിജളൻനളനാളായ്വരുമോ? വികൃതികളെന്തിനുചിന്തിക്കുന്നു? കുവല
യമാരുടെപരിമളസാരം തവളകളറിവാൻസംഗതിവരുമോ? പെണ്ണിൻ
ഭാവവിശേഷമശേഷം കണ്ണില്ലാത്തവനനുഭവമാമോ? നല്ലൊരുപാട്ടും
കൊട്ടുംകേട്ടാൽ കല്ലിനുഭാവവികാരമതുണ്ടോ? ശ്ലോകംചൊല്ലിപ്പൊരുൾ
പറയുമ്പോൾ കാകനതിങ്കലൊരിടയുണ്ടാമോ? മാടണിമുലമാർമധുരതയ
റിവാൻ മാടപ്രാവിനുസംഗതിവരുമോ? മൂഢനതാകിനളനീവകയിൽ

പ്രൌഢതയില്ലതുബോധിച്ചാലും സുരപതിവിരുതൻനല്ലൊരുരസികൻ
സുരതരസങ്ങളറിഞ്ഞൊരുവിരുതൻ ഒരുവനെമാലയിടേണമിതെന്നാൽ പു
രുഷോത്തമനാമിന്ദ്രനെവേണം," തരുണീമണിയാളതുകേട്ടപ്പോൾ ചെ
വിയുംപൊത്തീട്ടൊന്നുരചെയ്തു "മതിമതിനിന്നുടെകടുവചനാദികൾ മ
തിമുഖനാകിയനളനരപാലനെ അതിയായിട്ടുദുഷിച്ചതുമതിമതി! തിരി
യെന്നടക്കാമിനിയുമൊരക്ഷര മുരിയാട്ടുകിൽഞാനങ്ങുഗമിക്കും; പരി
ഹാസാദികൾപറയുന്നവരും അരികിലിരുന്നതുകൾക്കുന്നവരും ദുരി
താനുഭവംസമമായ്വരുമെ ന്നുരചെയ്യുന്നുമുനിതിലകന്മാർ; തരുണീതരു
ണന്മാരന്യോന്യം തരമായ്വരുവാൻദുർഘടമത്രേ; ഒരുവനിലാഗ്രഹമൊ
ന്നാരിക്കതു പരഹൃദയത്തെയുമൊപ്പിക്കേണ്ടാ ഇരുവരുതമ്മിൽചേന്നു
വരുമ്പോൾ പരമാനന്ദമവൎക്കുലഭിക്കും; മററുള്ളവരുപറഞ്ഞാലുംഹൃദി
പററുകയില്ലകലുക്കാവുമില്ല കുററംനളനൃപനുണ്ടെന്നാലു മേററമവങ്കൽ
നമുക്കഭിലാഷം മറെറന്തിനുവളരെപ്പറയുന്നു പെററുപിറന്നൊരുജന
നിയുമൊന്ന ചോററിവളത്തൊരുജനകൻതാനും മറെറാരുപുരുഷനെ
മാലയിടീപ്പാൻ മുററുംവന്നുപ്രയത്നംചെയ്താൽ ഞെറെറന്നവിടെമരി
ക്കുംഞാനതി ലേററംമറെറാരുപായവുമില്ല;" ഇത്തരമവളുടെവാക്കുകൾ
കേട്ടതി നുത്തരമില്ലെന്നോൎത്തുനരേന്ദ്രൻ "സ്വസ്തിനിനക്കെ"ന്നരുൾ
ചെയ്തവളുടെ പത്തനമതിൽനിന്നാശുഗമിച്ചു നിൎജ്ജരവരരുടെമുൻപി
ൽചെന്നതി ലജ്ജിതനായിത്തൊഴുതുരചെയ്തു" ഇജ്ജനമോൎത്താലിതിനെ
ളതല്ലേ സജ്ജനനികരശിരോമണിമാരേ! ദൃഢതരമവളുടെചിത്തമിളക്കാ
നടിയനുമതിബലമില്ലെന്നറിവിൻ! ചതിവുപറഞ്ഞുമനസ്സുമറിപ്പാൻ പ
ട്ടതുപെരുത്തൊരുപെണ്ണെങ്കിടിയാളവൾ മതിമുഖിതാനൊരുപുരുഷനെമന
സാ പരിയായിട്ടുവരിച്ചിതുപോലും അതിയായിട്ടിവറക്ലേശിച്ചാലും സതി
യാമവളൊട്ടുക്കൂട്ടുകയില്ല; അടിയൻതാനുരുക്ലേശംചെയ്തു മടിയെന്നുള്ളതു
ബോധിക്കേണ്ടാ മറിവുണ്ടെങ്കിലിതെല്ലാംനിങ്ങൾ ക്കറിയാമല്ലോവിബുധ
ന്മാരേ! സകലജനങ്ങടെഹൃദയമശേഷം മുകുരതലത്തിൽകാണുമ്പോലെ
അകതാരിങ്കൽവിചാരിച്ചറിയാൻ മികവുഭവാന്മാൎക്കെന്നതുസിദ്ധം" ഭക്ത
മഹാനിധിയാകിയനളനുടെ ഉക്തികൾകേട്ടുതെളിഞ്ഞമരന്മാർ യുക്തമി
തവനുടെദോഷമിതല്ലെ ന്നോൎത്തുജവേനമറഞ്ഞാരവരും.

നളനുമതുനേരംകളഭവരനുടെ ഗളമതിങ്കലേറിത്തെളിഞ്ഞുപുറപ്പെ
ട്ടു കളിച്ചുപടഹജ്ജനംവിളിച്ചുപുറപ്പെട്ടു വളച്ചുവാഴിവെട്ടിത്തെളിച്ചുജലം
കൊണ്ടു തളിച്ചുപടകളുംവിളിച്ചുകുഴൽകൊമ്പും വിളിച്ചുപടഹങ്ങൾഅ
ടിച്ചുവിരുതന്മാർ പിടിച്ചുകളിപ്പൊക്കനെടിച്ചുനടകൊണ്ടു.

ഭൂപശിഖാമണിനളനുംപടയും താപമകന്നഥകുണ്ഡിനനഗരേ സ
വിധേചെന്നുടനവിടെനിറഞ്ഞനൃപംനൃപനെവണങ്ങിഭടന്മാർ പരി
ചൊടുനിഷധനരേന്ദ്രൻതരസാ കരിവരഗളമതിൽനിന്നുപതുക്കെ പരി
ജനകരതലമവലംബിച്ചുട നുതതരകുതുകംക്ഷിതിയിലിറങ്ങി, മുല്ലതുനാ
ല്ലതുനായന്മാരും കെല്ലൊടുനാലെജമാനന്മാരും ഉല്ലലനയനൻനളഭൂപാല

ൻ അപ്പുരിപുക്കപുഷ്പബാണനെക്കണ്ടു ഭീമനരേന്ദ്രൻവിരവൊടുനളനെ പ്രേമമൊടുപിടിച്ചഥതഴുകി കോമളമാകിനമണിമാളികമേൽ ആമോദേനക്കേറിയിരുത്തി; പാർത്ഥിവസീമന്തിനിമരുവീടൊന്നൊരു പാർത്ഥിവവരരുംവന്നു തുടങ്ങി തങ്ങടെതങ്ങടെപരിവാരത്തോടു മങ്ങിടാതെന്നൃപകുലവീരന്മാരും ഭംഗിവരുത്തിയണിഞ്ഞുതുനിഞ്ഞു മതംഗജമഞ്ജുളഗാമിനിയാളുടെ ശോണാധരസുധാപാനമാനനിർവ്വാണാനന്ദമനസാമിമഹീശൻ താനാരാൽ മുന്നണിയാം കുണ്ഡിന ലീലാത്മാവാസ്യാത്രതിരിച്ചു മധുരസമങ്ങിനെ വാർന്നൊഴുകീടിന മധുരാധരിയുടെമടിയിലിരിപ്പാൻ മധുരാകൃതിഞാൻമതിയാം ഭുവിരമധിരാട്ടാണെൻസമതവഹിപ്പാൻ പാർത്ഥലമതിലാരുള്ളെന്നിങ്ങനെ ധൂർത്തന്മാരോർത്തുരമിച്ചുതുടങ്ങി പിൻപിൽനടക്കുന്നപരന്തുനേരം തുമ്പികണക്കെപ്പറന്നുതുടങ്ങി പടയുംവേണ്ടാ കുടയുംവേണ്ടാ മട്ടമലർമിഴിയെലഭിച്ചാൽപോരും ഉടലുമുറിഞ്ഞാലന്തരമുണ്ടോ? തടമുലപുൽകാൻ സൌഖ്യംകുറയും; മന്നവർപാരംപോരുന്നെന്തിനു കന്യകനമ്മുടെകയ്യാൽപോരും എന്നെപ്പോലെസുന്ദരനായി പിന്നെയൊരുത്തൻഭൂമിയിലില്ല; അതുമല്ലെന്നുടെകോപ്പുകളിട്ടാൽ അതിലൊരു ശോഭനമുക്കെയുള്ളു ചോദ്യം കൊണ്ടുപരീക്ഷിച്ചെന്നാൽ അയതുനമ്മൊടുപോരുന്നില്ല വിരുതന്മാരിൽ കൌതുകമേറും നാരീമണികൾക്കെന്നുപ്രസിദ്ധം ജാതിശ്രേഷ്ഠതയുള്ള ജനത്തെ കാതരമിഴിമാർകാമിച്ചീടും, ജാതിവലിപ്പം നിരുപിച്ചെന്നാൽ ഏതുംകുറവുനമുക്കില്ലിപ്പോൾ ഇദ്ദിക്കിൽ പുനരെന്നിൽമികച്ചൊരു വിദ്വാനില്ലതികച്ചുരചെയ്യാം വിദ്വാനാകിയവരനെവരിപ്പാൻ ഉദ്യോഗിക്കും ദമനസോദരിയും കവികളിലേറ്റംകൌതുകമേറും കുവലയമിഴിമാർക്കില്ലവിവാദം; കവിതക്കാരിഹപലരുണ്ടെങ്കിൽ അവരിൽമികച്ചതുഞാനിഹതന്നെ അംഗനമാർമനസ്സുതണുപ്പാൻ സംഗീതത്തിനുശരിയല്ലൊന്നും സംഗീതങ്ങടെഭംഗിവരുത്താൻ ഇങ്ങൊരുകൂട്ടംവാസനയേറും ഇങ്ങിനെയോരോന്നോർത്തുനൃപന്മാർ അംഗജബാണംകൊണ്ടുമയങ്ങി തങ്ങടെതങ്ങടെപൌരുഷചിന്തതുടങ്ങിക്ഷിതിപതിഭവനംപുക്കാർ ഇന്ദ്രാദികളവർ നാലുജനംനള ചന്ദ്രനനാലുവാക്കുകൾകൊടുപ്പാൻ സാന്ദ്രകുതൂഹലസരസന്മാരവർ സവിധേവന്നുരചെയ്തുതുടങ്ങി; "ഇന്ദുബിംബമുഖിയാം ദമയന്തിക്കിന്നുനീരമണനായതുമൂലം നന്നുനന്നുസുകൃതംപരിപൂർണ്ണം പൂർണ്ണചന്ദ്രസുമുഖ! നരവീര! നിന്നുടെദൃഢമനസ്സറിവാനായ് വന്നുഞങ്ങളിഹനാൽവരുമായി മന്നിടത്തിൽമഹിളാമണിയാകിയ കന്യയെഝടിതികൈക്കലതാക്കാൻ മോഹമില്ലദമയന്തിയിലേറ്റം സ്നേഹമുണ്ടതിനുമില്ലവിവാദം മുഗ്ദ്ധഗാമിനികുലോത്തമതന്നുടെ ചിത്തസാരമറിയുന്നതിനായി അത്രമാത്രമിഹചെയ്തിതുഞങ്ങളും അത്രതന്നെപോകുന്നനരേന്ദ്ര!

ശ്ലോകം.

കല്യാണീകമലാലയഥാഭഗവതീകാന്തംപ്രപേദേഹരിം
കല്യാസാചലബാലികാഭഗവതീബാലേന്ദുചൂഡംയഥാ

മല്ലീപുഷ്പസുഹാസിനീരതിരപി പ്രാപ്താതഥാചിത്തജം
മല്ലാക്ഷീദമസോദരീവൃതവതീകാന്തംഭവന്തംതഥാ.

പദ്യമതിങ്ങനെകേട്ടാലുടനേ വിദ്വാന്മാൎക്കിഹപൊരുളുണ്ടാകും വി
ദ്യാരഹിതന്മാൎക്കുഗ്രഹിപ്പാൻ വിരവൊടുപൊരുളുരചെയ്തീടുന്നേൻ നളനൃ
പതേ!നീ നമ്മുടെവചനം നലമൊടുകേട്ടുരസിച്ചീടേണം നളിനംതന്നിൽ
പണ്ടുപിറന്നൊരു കളമൊഴികുലമണി ലക്ഷ്മീഭഗവതി നരകാന്തകനാം നാ
രായണനെ തരസാചെന്നുവരിച്ചതുപോലെ വരവൎണ്ണിനിദമയന്തിഭവ
ന്തം വരനായ്വരണംചെയ്തിതുഭദ്രം; യമനിയമാദിഗുണങ്ങൾനിറഞ്ഞൊരു
സുമശരരിപുവാം പരമേശ്വരനെ ഹിമഗിരിവരസുതവരണംചെയ്തൊരു
സുമഹിതമംഗളകൎമ്മംപോലെ, കമിതാവായിട്ടീരതിയും പുന രമിതരസാ
നാഥിതനാകിയമദനം രമണനതാക്കിവരിച്ചതുപോലെ ദമയന്ത്യാസഹ
നിഷധപതേ!നീ നിഷധപതേ!കേൾനിന്നുടെയാഗേ നിഖിലസുരന്മാ
രേ ടുംകൂടെ നിജനിജരൂപത്തോടുംവന്നു നൃപവരസഭയിലിറങ്ങിക്കൊണ്ടു
മൎത്ത്യപ്പരിഷകൾകാണ്കെത്തന്നെ പ്രത്യക്ഷേണ വിഭാഗത്തെ ഭുക്തിക
ഴിക്കുന്നുണ്ടിഹഞാൻതവ ഭക്തിമഹത്ത്വകൾബോധിക്കേണം വരുണൻഭ
ഗവാനരുളിച്ചെയ്തു വരികസഖേ നളനൃപതികുലേന്ദ്ര! പുരുഗുണരാ
ശേ!മരുഭൂമിയിലും പെരിയമഹാമലയുടെതടമതിലും ഒരുനാളൊരുദി
ശിചെന്നുഭവാനും മരുവുന്നേരംനമ്മെക്കനിവൊടു നിരൂപിക്കുമ്പോളവി
ടെവരുന്നേൻ ഒരുദിക്കിലുമിഹജലമില്ലെന്നു പരവശഭാവംവേണ്ട നിന
ക്കു പെരുകിനവാപ്പുംചെമ്പുചരക്കുകൾ പരിചൊടടുപ്പിൽകേററിക്കൊ
ണ്ടതിൽ അരിയുംപോട്ടാലധികമവററിൽ പെരികെജ്ജലവുംതനിയേനി
റയും എരിയുംതീയെന്നഗ്നിയുമരുളി ചൊരിയുംജലമെന്നഹമുരചെയ്യും
അരിയുംകറികളുമമൃതിനുസമമെ ന്നരുളിച്ചെയ്താനന്തകഭഗവാൻ പെരു
കിനസുഖമിനിദമയന്ത്യാസഹ പുരിയിൽചെന്നുവസിച്ചീടുകനീ.

ഏവമരുളിച്ചെയ്തുദേവന്മാർനാലുപേരും ദേവലോകത്തെനോക്കി
പ്പോവാൻമുതിൎന്നത്രെ മറഞ്ഞുമഞ്ചങ്ങൾതോറും നിറഞ്ഞുമേവുംനൃപന്മാർ
പറഞ്ഞുതുടങ്ങിഭാഗ്യംകുറഞ്ഞു സംസാരമായപ്പു മറിഞ്ഞുകൂടാതെദൈവം
ചതിച്ചുപെണ്ണിനെവേൾപ്പാൻ കൊതിച്ചുവന്നൊരുനമ്മെത്യജിച്ചുവീ
രസേനിയെ വരിച്ചുദമയന്തിയുംധരിച്ചുവിപ്രന്മാരെല്ലാം തിരിച്ചുസ്വൎണ്ണ
വുംകെട്ടിത്തിരിച്ചുകൊണ്ടങ്ങുമിങ്ങും ഭ്രമിച്ചുവന്നൊരുനമ്മെശ്രമിച്ചു നി
ൽക്കയോവേണ്ടു ഗമിച്ചുകൊൾകയോവേണ്ടുനടപ്പിൻഭൂപാലന്മാരേ കട
പ്പിൻകുണ്ഡിനംതന്നിൽകടപ്പിൻഭീമനെച്ചെന്നു പിടിപ്പിൻകന്യകേച്ചാ
ഞ്ഞങ്ങുടുപ്പിൻകാൎമ്മുകംകയ്യിലെടുപ്പിൻഘോരബാണങ്ങൾ തൊടുപ്പിൻകാ
ത്തുകൊണ്ടല്ലാ മടുപ്പിൻപത്തനംകുത്തിത്തകൎപ്പിൻസത്രുചെന്നുഹരി
പ്പിൻപേടിയുള്ളോരിങ്ങിരിപ്പിൻപെണ്ണിനെച്ചൊല്ലി മരിപ്പിൻമന്നവന്മാ
രേസ്മരിപ്പിൻനാണക്കേടെല്ലാം

പടഹമെന്തുപടകളെന്തുനമ്മുടെ കൊടികളെന്തുകുടകളെന്തുസം
ഗരംഘടനഘോഷമുടനെവേണംഅരികുല മടിപെടുക്കപൊടിപൊടിക്ക

നല്ലൊരു മിടുമിടുക്കൊണ്ടടനടുക്കവിരവൊടു

നലമൊടുവിലസിന ചലമിഴിമണിയുടെ തലമുടിപിടിവൊടുപിടിപെടുവതിനൊരു മടിതുടരാതിഹപടുതരനരവര പരിഷകളുടെയൊരു പുരിയതിൽവിരവൊടു ഉരുതരമിതുഖേദകരതിയപുരുഷരെ വിരവൊടുശരവരനിരകൾക്കിരയാക്കീടവേണമാടരെന്നുസമ്പ്രതി മൂഢരോവമൂഢമായതെന്തിഹ?ഗൃദ്ധമല്ലഗാഢവൈരമിന്നതി ഗൃദ്ധമായിരൂഢമായിശിവശിവ!

ഇത്ഥംനൃപതിസമൂഹമശേഷം യുദ്ധമതായിതുകണ്ടിന്നൃപനൊടു യുദ്ധംചെയ്യതിനെത്തിനിറഞ്ഞവരുദ്ധതകളകളഘോഷത്തോടുംഅംഗൻനൃപതികലിംഗൻനരപതി വംഗൻവരഗുണതുംഗൻദ്രമിളൻകുന്തളനൃപതികുരുകുലഭൂപതി കുന്തിമഹീപതിവിന്ധ്യനരേന്ദ്രൻ! പൂർണ്ണകനരപതിപുഷ്കരനരപതിപാണ്ഡ്യമഹീപതിപാഞ്ചാലനൃപൻ ചോളക്ഷിതിപതിലാടനരേന്ദ്രസിന്ധുമഹീപതിസിംഹളഭൂപതി കർണ്ണാടകപ്രഭുകാശ്മീരപ്രഭുഭദ്രമഹീപതിഭദ്രപുരേശ്വരൻ ഇങ്ങിനെയുള്ളനൃപന്മാരനവധി തിങ്ങിനപുരുഷാരങ്ങളുമിളകിതങ്ങടെതങ്ങടെനായന്മാരെയുമഞ്ചു സ്വരൂപിപ്പിച്ചുതുടങ്ങി ചന്ത്രക്കാരൻരാമച്ചാരൊരു കുന്തമെടുത്തുപിടിച്ചുകരത്തിൽ വാളുമെടുത്തുതാളത്തിൽ ചില മേളംകൂട്ടിച്ചോടുകൾവച്ചു കാക്കരെനായർകട്ടത്തിലകയ്യിലെടുത്തുപിടിച്ചുനടന്നുതുടങ്ങി, ലന്തക്കുഴലുംതോളിലെടുത്തൊരു കുന്തക്കാരനിരിയിട്ടുതുടങ്ങി; കാപ്പിരിയെന്നൊരുഭാഷപറഞ്ഞു കലശലൊരേടത്തഞ്ചുതുടങ്ങി; കണ്ടച്ചാരേ!കൃപാതന്നുടെ കയ്യിലൊരായുധമില്ലാത്തെന്ത്യേ ചെണ്ടക്കാര്യമിനിക്കപണഞ്ഞതു ജ്യേഷ്ഠനതാനതുബോധിച്ചില്ലേ?നമ്മുടെവീട്ടിൽപത്തുപണത്തിന്റെ ചാപ്പുള്ളതുമില്ലൊക്കെനശിച്ചുഅമ്മമരിച്ചേപ്പിന്നെക്കാര്യംഅമ്മാവൻക്ലേശിച്ചുതുടങ്ങി;അമ്മായിക്കുംമക്കൾക്കുംപുനരമ്മാനുമുട്ടപ്പാനും വെററിലതിന്മാനുംതേപ്പാനുംപുനരങ്ങമ്മാത്തുംചിലതീപ്പിപ്പാനും അമ്മുതലെല്ലാംചിലവിട്ടില്ലേൾ ഉമ്മാനുംവകയില്ലാതാക്കി അമ്മാപാപികടംകൊണ്ടതുമിഹ നമ്മാലോർത്താൽപാക്കവിഷമം; ഗണപതിപട്ടർക്കമ്പതുപണവും പലിശയുമഞ്ചുകൊടുപ്പാനുണ്ടു; പണമില്ലാഞ്ഞിട്ടെന്നുടെകുന്തം പണയംവച്ചുപലിശകൊടുപ്പാൻ കേളിപെരുത്തൊരുകന്യാമണിയുടെ വേളിക്കോളമെഴുന്നെള്ളുന്ന അയത്തുകേട്ടവർ കേട്ടവരെല്ലാം ആയുധമേന്തിനടന്നുതുടങ്ങി, ആയുധമില്ലനമുക്കെന്നുള്ളതു നായന്മാർക്കുപറഞ്ഞീടാമോ; ആയത്തുമൂലംമിണ്ടാതേഞാൻ കയ്യുംവീശിക്കൊണ്ടുതിരിച്ചു കേട്ടോതാനക്കന്യകയെപ്പോ ജ്യേഷ്ഠോനമ്മുടെസ്വാമിയുമിപ്പോൾ? നമ്മുടെസ്വാമിക്കവളെലഭിപ്പാൻ കർമ്മമതില്ലതനിക്കെന്തറിയാം; നമ്മുടെരാജാവെന്തൊരുകാര്യം നമ്മളെയൊക്കെസ്വരൂപിക്കുന്നു മാലകഴുത്തേലേററനൃപന്റെ മൂലവിനാശംചെയ്യുതിനിപ്പോൾ നാലംബുധിയുടെനടുവിലിയന്നൊരു നായന്മാരവരെക്കെമുതിന്നായതുപാരംനിർമ്മരിയാദം അയവനെന്നുപിഴച്ചുനരേന്ദ്രക്കായവൾതന്നെവരിപ്പാൻചെന്നാൽ ആയതുപേക്ഷിച്ചിട്ടുകയുണ്ടോ? ആയിരമൻപത്തുകോടിനൃപന്മാർ

അയവളൊരുവളെമോഹിച്ചെന്നാൽ അയവളെങ്ങിനെരണ്ടുദേഹംക
ണ്ടിച്ചെല്ലാംവിഭജിക്കേണ്ടോ?മെല്ലെപ്പറകനൃപന്മാർകേട്ടാൽ കൊല്ലുംത
ന്നെത്താമസിയാതെ മല്ലവിലോചനമാരെക്കാമിച്ചുള്ളമലിഞ്ഞുഴലുന്നനൃ
പന്മാർക്കുള്ളിൽവിചാരംചെല്ലുകയില്ല; അല്ലേതാനതറിഞ്ഞിട്ടില്ലേ;വല്ലതു
മവിടൊരുപായമതുണ്ടോ ചൊല്ലണമീജനമെന്നേവേണ്ടു; പടയിൽചെന്നു
മരിപ്പാനൊട്ടും മടിയില്ലിതുബോധിച്ചാലും; ഇടയില്ലാതെകഥിക്കയുമ
ല്ലിപ്പടഭാവിച്ചതുചിതമല്ലിപ്പോൾ; ഒരുപെൺകൊടിയിൽകൊതികൊ
ണ്ടൊരുവകനിരുപണമില്ലാതുള്ളനൃപന്മാർ നരപതിഭീമനുകുററമതാക്കി
യതൊരുവൻകേട്ടാലാനകളിക്കും; അങ്ങാടികളിൽതോലാപിന്നത്താൽ
അമ്മയൊടപ്രിയമെന്നതുപോലെ; ചന്ദ്രാതികടെജ്ജളതചമിതിങ്ങിനെ
എങ്ങാനുണ്ടോപണ്ടുളവായി; ഇത്തരമോരോവാക്കുപറഞ്ഞവർ എത്തിനി
റഞ്ഞിതുനായന്മാരും സതതരമനവധിനൃപതികൾകനധിന പത്തന
മൊക്കെയടിച്ചുതകപ്പാൻവട്ടംകൂട്ടിയവാർത്തകളൻപൊടുകേട്ടുമഹീപതിഭീ
മൻനളനും എന്തിഹസമുചിതമെന്നുമനസ്സിൽ ചിന്തിച്ചവിടെവസിച്ചി
ട്ടുമ്പോൾ ഭാരതവംശാധിപനാംനളനൊടു ഭാരതിഭഗവതിയരുളിച്ചെയ്തു;
"വീര!നൃപകുലമകുടമണേ!തവ ധീരതകൊണ്ടുശമിക്കുമനർത്ഥം നൃപതിജ
നങ്ങടെകലഹാരംഭം സപദിശമിപ്പാനുണ്ടൊരുപായം വിവദമൊഴിപ്പാ
നിന്ദ്രാണിക്കൊരു വിരുതുണ്ടവളെസ്സേവിക്കേണം;

ഇന്ദ്രൻഭാര്യയാകുമിന്ദ്രാണീദേവിയെ നരേന്ദ്രഭവാൻമനസ്സിൽന
ന്നായിഭജിച്ചാലും; എന്നാലുടനേതന്നെനന്നായിവരുംഭവാ" നെന്നാദരു
ളിച്ചെയ്തമന്ദംപറഞ്ഞുദേവി എന്നുള്ളതുള്ളപ്പെട്ടുകേട്ടുനരേന്ദ്രൻതാനുംചെ
ന്നുകുളിച്ചു വേഗംവന്നുപുലോമജയെ പുഷ്പങ്ങൾകൊണ്ടുവന്നുപൂജിച്ചുവി
ധിയോടെ നിഷ്പന്നഭാവത്തോടെനിന്നുസ്തുതിതുടങ്ങി "വന്ദേഹംദേവീ
വന്ദേഹം ദേവി! സന്ദേഹംകൂടാതെഎന്നെ സന്തോഷിപ്പിക്കേണം ദേവീ
സങ്കടംദേവീസങ്കടംനമുക്കിഹ ശങ്കയൊഴിച്ചുനിൻകടാക്ഷമേഗതി (വ
ന്ദേഹം) ഭൂപന്മാർബഹുകോപന്മാർ ഭൂപാലൻഭീമൻറനാട്ടിൽ അപ
ത്തുവരുത്തീടാതെ കലഹഭാവകലുഷഭാവമൻപൊടുശമയദേഹി ശതമഖ
പ്രിയേ! തവകരുണവേണം(വന്ദേഹം) ദുർല്ലഭേശക്രവല്ലഭേ!വല്ലാതെനൃപ
ന്മാർനമ്മെ വെല്ലാതെശമിപ്പതിനുകല്യാണംദിശകല്യാണി കല്യാണംമു
ടങ്ങിടാതെകേൾപ്പനികാത്തരുളേണം കമലലോചനേശമലമോചനേ! ത
വകരുണവേണംഅരുണപല്ലവാധരി കല്യാണംദിശ!ദിശ!കല്യാണി! വ
ന്ദേഹംദേവീവന്ദേഹംദേവീ

ജംഭാന്തകന്റെവല്ലഭതന്നുടെ സംഭാവനകൊണ്ടഖിലനൃപാണാം
ജൃംഭിതകോപവികാരമശേഷം സാമ്പ്രതമമ്പൊടുസാത്ഭുതമേതാൽ സംഭ്ര
മമാശുശമിച്ചുനൃപന്മാർ സമ്പ്രതിവന്നുസുഖേനപറഞ്ഞു; "എന്തുപിഴ
ച്ചുഭീമനരേന്ദ്രൻ? എന്തുപിഴച്ചുമഹാമതിനളനും? എന്തിക്കുവലയളേ
മിഴിയാംദമയന്തിക്കും പുനരപരാധമെടോ!മാച്ചിലനമ്മുടെനിർഭാഗ്യത്തെ
മാററിക്കൊൾവാനാക്കെന്തുവഴി; പോരാ..ിക്കൃപവില്ലിനിനമ്മെമാററി

കളാകിന്നഭൂപതിമാരിൽ ഏററിലൊരുത്തനുതോന്നിയതില്ലി ഗോഷ്ഠിക
ൾകാട്ടരുതെന്നുമനസ്സിൽ; നീററിൽനടക്കുംമുതലകൾപോലെ ചീററിയ
ട്ടപ്പാനെന്തവകാശം? നളിനശശിമുഖസന്നിഭനാകിയ നളനൃപവര
നെക്കണ്ടാൽനല്ലൊരു കളമൊഴികുലമണിമററൊരുനൃപനുടെ ഗളമതി
ൽമാലനിബന്ധിപ്പവളോ! പലനൃപവരന്മാരുണ്ടെങ്കിലുമിഹ നളനൊടുതു
ല്യമൊരുത്തനുമില്ല. തെളിവൊടുമവനെവരിച്ചില്ലെങ്കിൽ കളമൃദുമൊഴി
യാൾക്കൊരുവക തിരുവില്ലെന്നെ രുകുറവുഭവിച്ചുന്നേരത്തു വന്നില്ലവളു
ടെഭാഗ്യവിശേഷാൽ നളനെത്തന്നെ വരസംഗതമിങ്ങിനെ നരവരവൃന്ദമ
ശേഷവുമപ്പോൾ തെളിവൊടുവാഴ്ത്തിസ്തുതിചെയ്യുന്നതു നരപതിഭീമൻ
കേട്ടതിമോദാൽ” പെരലേമിയുടെകൃപാബലമത്ഭുതം അവലോകിതമിതി
മനസ്സിലുറച്ചു കാലോചിതമാം ഉപചാരത്തെ കനിവൊടുചെയ്തുതുടങ്ങിന
രേന്ദ്രൻ! സ്വർണ്ണാഭരണം രത്നാഭരണം കുണ്ഡലവും കങ്കണവും തോൾവള
കാഞ്ചിദുകൂലം തരിവളപിരിവള കാഞ്ചനകുംഭം കനകഛത്രം പൂഞ്ചോല
കളും കുപ്പായം ബഹു വാഞ്ഛിതമൊക്കും പല്ലക്കുകളും അനവധിപണവും
മണിഗണവും ബഹു കനകപ്പൊടിയും വാരിക്കോരി ധനപതിസകലന
രേന്ദ്രന്മാർക്കും കനിവൊടുവടിവിൽകൊടുത്തുതുടങ്ങി ദമയന്തിയുടെ സഖി
മാരുണ്ടവർ കമനീയാംഗികൾ കോടിസഹസ്രം ഓരോരോ നരവീരന്മാർക്ക
തിൽ ഓരോസഖിമാരെപ്രത്യേകം; അരോമൽകനിവോടുകൊടുത്താൻ
ധീരോദാത്തൻ ഭീമനരേന്ദ്രൻ; ദമയന്തിക്കു സമാനമതാകിയ കന്യാരത്നം
കിട്ടുകമൂലം പ്രമുദിതഹൃദയന്മാരാം നൃപതികൾ സമമുടയാത്ര പറഞ്ഞു
ഗമിച്ചു; കല്യാണിയതാം ദമസോദരിയുടെ കല്യാണോത്സവകോലാഹലമ
ഥ നല്ലമുഹൂർത്തേ വേലമൊടുചെയ്വാൻ ഉല്ലാസേനതുടങ്ങിനരേന്ദ്രൻ.

നളചരിതം ഓട്ടൻതുള്ളൽ സമാപ്തം.

“വിദ്യാവിലാസിനി” അച്ചുക്കൂടം
കൊല്ലം.